## അടിയന്തര പ്രമേയം

### യുവജനസംഘടനാ പ്രവർത്തകർക്കെതിരെ നടത്തിയ ആക്രമണം

മി. സ്പീക്കർ: സോളാർ വിഷയത്തിൽ മുഖ്യമന്ത്രി രാജി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കരിങ്കൊടി കാട്ടി പ്രതിഷേധിച്ച ഡി.വൈ.എഫ്.ഐ., എ.ഐ.വൈ.എഫ്. തുടങ്ങിയ യുവജനസംഘടനാ പ്രവർത്തകരെ സംസ്ഥാനത്തെങ്ങും പോലീസ് തല്ലിച്ചതയ്ക്കുകയും ഇന്നലെ രാത്രി സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയ ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കു നേരെ പോലീസ് ഗ്രനേഡും ജലപീരങ്കിയും ലാത്തിചാർജും നടത്തിയതിനെത്തുടർന്ന് ശ്രീ. റ്റി.വി. രാജേഷ് എം.എൽ.എ. ഉൾപ്പെടെയുള്ള പ്രവർത്തകർക്ക് പരിക്കുപറ്റിയതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സി. ദിവാകരൻ, പി. ശ്രീരാമകൃഷ്ണൻ, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. ജോസ് തെറ്റയിൽ, എം. എൽ.എ. രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് 8.07.2013-ന് ഉച്ചയ്ക്ക് 12 മണി യോടെ 500-ഓളം യൂത്ത് കോൺഗ്രസ് പ്രവർത്തകർ മ്യൂസിയം ജംഗ്ഷനിൽ നിന്ന് കന്റോൺമെന്റ് സ്റ്റേഷനിലേയ്ക്ക് പ്രകടനമായെത്തി. പോലീസ് അവരെ മസ്ക്കറ്റ് ഹോട്ടലിന് സമീപം ബാരിക്കേഡുകൾ വച്ച് തടഞ്ഞു. ഈ സമയം സോളാൽ പാനൽ തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും രാജി വയ്ക്കണ

മെന്നുമാവശ്യപ്പെട്ട് രണ്ട് സ്ത്രീകൾ ഉൾപ്പെടെ 60–ഓളം എ.ഐ.വൈ.എഫ്. പ്രവർത്തകർ ആർ. ആർ. ലാമ്പ് വഴി പ്രകടനമായെത്തി. ഇവരെ പോലീസ് ആർ.ആർ ലാമ്പിനുസമീപം വച്ച് തടഞ്ഞിട്ടും അവർ അത് വകവയ്ക്കാതെ പോലീസിനെ തള്ളിമാറ്റി മസ്ക്കറ്റ് ഹോട്ടലിന്റെ സമീപമുണ്ടായിരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകരുമായി ഏറ്റുമുട്ടി........(ബഹളം)........എനിക്ക് ഡിപ്പാർട്ടുമെന്റിൽ നിന്ന് ലഭിച്ച വിരങ്ങളേ ഇവിടെ പറയാൻ കഴിയൂ. ഞാൻ എന്റെ അഭിപ്രായം പിന്നെപ്പറയാം. ഈ സംഭവത്തിൽ എ.ഐ.വൈ.എഫ്. സംസ്ഥാന പ്രസിഡന്റ് കൃഷ്ണപ്രസാദിനും ഒരു യുവതിക്കും ഉൾപ്പെടെ മറ്റ് 6 എ.ഐ.വൈ.എഫ് പ്രവർത്തകർക്കും രണ്ട് യൂത്ത് കോൺഗ്രസ് പ്രവർത്ത കർക്കും പരിക്കേറ്റു. കൃഷ്ണപ്രസാദിന് തലയ്ക്ക് മുറിവും ഇടതുകൈയുടെ നടുവിരലിന് പൊട്ടലും ഏറ്റിട്ടുണ്ട്. പരിക്കേറ്റ എ.ഐ.വൈ.എഫ്. പ്രവർത്ത കർ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും ജനറൽ ആശു പത്രിയിലുമായും യൂത്ത് കോൺഗ്രസ് പ്രവർത്തകർ ജനറൽ ആശുപത്രി യിലും ചികിത്സ തേടി. മേൽപ്പറഞ്ഞ സംഭവങ്ങൾക്ക് എ.ഐ.വൈ.എഫ്. സംസ്ഥാന പ്രസിഡന്റ് കൃഷ്ണപ്രസാദിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കണ്ടാലറിയാവുന്ന 500–ഓളം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ പ്രതിക ളാക്കി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 147, 148, 341, 326, 354, 294(ബി), 308 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 981/13 ആയും ബാരിക്കേഡുകളും മറ്റും നശിപ്പിച്ചതും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കല്ലെറിഞ്ഞതും കണക്കിലെടുത്ത് മുന്നൂറോളം യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പ്രതികളാക്കി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 147, 149, 283, 188, 39, 121, 117 (E) of K. P. Act section 4(1) read with

section 6 of Public ways restriction of Assemblies and Procession Act 2011, PDPP Act Section 3(2)(E) വകുപ്പുകൾ പ്രകാരം ക്രൈം 979/13 ആയും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു. ഇതുകൂടാതെ 300-ഓളം യൂത്ത് കോൺഗ്രസ് പ്രവർത്തകരെയും 50 എ.ഐ.വൈ.എഫ് പ്രവർത്തകരെയും പ്രതികളാക്കി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 147, 149, 323, 333 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 980/13 ആയി മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ മൂന്ന് കേസ്സുകളിലും പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു. ഈ സംഭവത്തിൽ രണ്ട് സി. പി.എം. കാർക്ക് സാരമായ പരിക്കേറ്റിട്ടുണ്ട്. ഇതിനെത്തുടർന്ന് രാത്രി 1.30 മണിയോടെ ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ.-യുടെ നേതൃത്വത്തിൽ മുന്നൂറോളം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ പാളയത്തുനിന്നും സെക്രട്ടേറിയറ്റിന്റെ മെയിൻ ഗേറ്റിലെത്തി സെക്രട്ടേറിയറ്റിനുള്ളിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ചു. ഇതുതടഞ്ഞ പോലീസുമായി അവർ ബലപ്രയോഗം നടത്തിയതിനെത്തുടർന്ന് ജലപീരങ്കി ഉപയോഗിച്ചിട്ടുണ്ട്. എന്നിട്ടും പിരിഞ്ഞു പോകാതെ അക്രമത്തിലേയ്ക്ക് തിരിഞ്ഞതുകൊണ്ട് ടിയർ ഗ്യാസ്, ഗ്രനേഡുകൾ ഉപയോഗിച്ച് അവരെ പിരിച്ചുവിടുകയുണ്ടായി. ഈ സംഭവത്തിൽ പരിക്കേറ്റതായി പരാതിപ്പെട്ട് വിഷ്ണു, ജംസീർ, സന്തോഷ്, എന്നീ പ്രവർത്തകർ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സ തേടി. അക്രമത്തിൽ പോലീസ് ജലപീരങ്കി വാഹനത്തിന് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഈ സംഗതിക്ക് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 144, 149, 283, K.P. Act 39, 121, PDPP Act 3(1) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 851/13

ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു, പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.-യ്ക്ക് ഈ സംഭവത്തിൽ പരിക്ക് പറ്റിയതായി പരാതി ലഭിക്കുകയോ, അദ്ദേഹം എവിടെയെങ്കിലും ചികിത്സ തേടിയതായി വിവരം ലഭിക്കുകയോ ചെയ്തിട്ടില്ല. കഴിഞ്ഞ ഏതാനും ദിവസങ്ങളായി എ.ഐ.വൈ.എഫ്./ഡി.വൈ.എഫ്.ഐ. പ്രവർത്ത കർ സംസ്ഥാനത്താകമാനം മുഖ്യമന്ത്രി, ആഭ്യന്തരവകുപ്പുമന്ത്രി തുടങ്ങിയവ രുടെ ഔദ്യോഗിക യാത്രകളും മറ്റും തടസ്സപ്പെടുത്തി അക്രമങ്ങളിൽ ഏർപ്പെട്ട നിരവധി സംഭവങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. 7-7-2013-ന് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിലെ വട്ടക്കടവിന് സമീപം മുഖ്യമന്ത്രി യുടെ വാഹനം തടയുന്നതിനായി വാഹനത്തിന് മുന്നിൽ ചാടിയ ഡി.വൈ. എഫ്.ഐ. ജില്ലാ സെക്രട്ടേറിയറ്റ് അംഗം സാബു നിലത്ത് വീണ് കൈയ്ക്ക് പൊട്ടൽ ഉണ്ടാവുകയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി യിൽ ചികിത്സ തേടുകയും ചെയ്തു. സാബുവിനെ വാഹനം ഇടിച്ചിട്ടില്ല. താഴെവീണതിലും പോലീസ് വാഹനത്തിലേയ്ക്ക് കയറ്റാൻ ശ്രമിക്കുമ്പോൾ ബലം ഉപയോഗിച്ച് തടസ്സപ്പെടുത്തിയതിലുമാണ് സാബുവിന് പരിക്ക് പറ്റിയത്. സ്റ്റേഷനിലെത്തിയ സാബുവിനെ ഒരു സ്വകാര്യ ആശുപത്രിയിലെ ആബുലൻസിൽ കൂടെയുണ്ടായിരുന്ന പ്രവർത്തകർ തന്നെ മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോവുകയാണ് ചെയ്തത്. കൊല്ലത്ത് അക്രമത്തിന് തയ്യാറെടുത്ത് നിന്ന 20 ഡി.വൈ.എഫ്.ഐ./ആർ.വൈ.എഫ്. പ്രവർത്തകരെ മുൻകരുതലായി അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടു വരികയും മുഖ്യമന്ത്രിയുടെ പരിപാടിക്ക് ശേഷം ജാമ്യത്തിൽ വിട്ടയച്ചതു മാണ്. 7-7-2013-ന് രാവിലെ 9.30 മണിയോടെ കോട്ടയത്ത് പൊതുപരിപാ

ടിയിൽ സംബന്ധിക്കാനെത്തിയ മുഖ്യമന്ത്രിയെയും ആഭ്യന്തരവകുപ്പുമന്ത്രി യെയും പത്തോളം എ.ഐ.വൈ.എഫ്. പ്രവർത്തകർ ഗാന്ധിസ്ക്വയറിന് സമീപം കരിങ്കൊടി കാണിച്ചപ്പോൾ അവിടെ നിന്ന ഏതാനും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരുമായി ഉന്തും തള്ളുമുണ്ടായി. തുടർന്ന് ഒരുകൂട്ടം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ സംഘടിച്ച് സംഘട്ടനമുണ്ടാക്കി. ഈ സംഭ വത്തിൽ 4 എ.ഐ.വൈ.എഫ്. പ്രവർത്തകർക്ക് പരിക്കേറ്റു. ഇതിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പ്രതികളാക്കി 143, 147, 148, 323, 324, 149 എന്നീ വകുപ്പുകൾ പ്രകാരം കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 973/13 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. സോളാർ പാനൽ തട്ടിപ്പു മായി ബന്ധപ്പെട്ട് 24–6–2013 മുതൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എൽ.ഡി.എഫ്., ഡി.വൈ.എഫ്.ഐ., ബി.ജെ.പി., ബി.ജെ.വൈ.എം., എസ്. എഫ്.ഐ. തുടങ്ങിയ സംഘടനകൾ നടത്തിയ അക്രമ പ്രവർത്തനങ്ങളിൽ 52 –ഓളം സമരക്കാർക്കും 79 പോലീസ് ഉദ്യോഗസ്ഥർക്കും പരിക്കേൽക്കുകയും അക്രമത്തിൽ 5,25,000 രൂപയുടെ നാശനഷ്ടം വരികയും ചെയ്തിട്ടുണ്ട്. അക്രമങ്ങളുമായി ബന്ധപ്പെട്ട് 28 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതാണ് ഡിപ്പാർട്ടുമെന്റിൽ നിന്ന് കിട്ടിയ റിപ്പോർട്ട്. പ്രതിപക്ഷത്തുനിന്നുള്ള അഭി പ്രായം കേട്ടതിനുശേഷം ഒരിക്കൽ കൂടി പറയാനുള്ള സന്ദർഭമുള്ളതുകൊണ്ട് ഗവൺമെന്റ് ഒപീനിയൻ അപ്പോൾ പറയാം.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ അവതരിപ്പിച്ച അടിയന്തരപ്രമേയ ത്തിന് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി, അദ്ദേഹത്തിന്റെ ഡിപ്പാർട്ടു മെന്റിൽ നിന്ന് എഴുതിക്കൊടുത്ത ഒരു ലേഖനമാണ് വായിച്ചത്. കേരളത്തിൽ സംഭവങ്ങൾ അതീവ ഗുരുതരമാണ്. നിയമസഭാ മന്ദിരത്തിനുതന്നെ സംരക്ഷ

ണമില്ലാത്ത അവസ്ഥയിൽ അരാജകത്വം സൃഷ്ടിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഇന്നലെയും അങ്ങയോട് ചോദിച്ചതാണ്. ഗ്യാലറിയിൽ പൊതുജനമില്ല. എം.എൽ.എ. മാരുടെ പേഴ്സണൽ സ്റ്റാഫിനെ കയറ്റിവിടുന്നില്ല. ഇന്റലിജൻസ് റിപ്പോർട്ട് ഉള്ളതുകൊണ്ടാണെന്നാണ് അങ്ങ് പറയുന്നത്. കേരള നിയമസഭ ഇന്റലിജൻസിന്റെ സംരക്ഷണ വലയത്തിലായത് എന്തുകൊണ്ടാണ്? ഞങ്ങളാരെങ്കിലും ഭീകര പ്രവർത്തകരാണോ; ജനങ്ങളുടെ പ്രതിനിധികളല്ലേ. ഞങ്ങളിരിക്കുന്ന നിയമസഭയിൽപ്പോലും വരാനും പോകാനുമുള്ള പോലീസിന്റെ നിയന്ത്രണത്തിന് വിധേയമായി എന്ത് ജനാധിപത്യമാണ് പറയുന്നത്. നമ്മുടെ പ്രവർത്തകരെ തല്ലിയതിന് കയ്യും കണക്കുമില്ല. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങും മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുമടക്കം കേരളത്തിൽ കല്ലെറിയാത്ത ബസ്സുകളുണ്ടോ; നിങ്ങളും സമരം ചെയ്തവരല്ലേ. നിങ്ങൾ ഒരണ സമരത്തിന്റെ സന്തതികളല്ലേ. നിങ്ങൾ രാജ്യം ഭരിക്കാൻ വരുമ്പോൾ, അർദ്ധരാത്രി ഗ്രനേഡ് ഉപയോഗിച്ച സംഭവം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? 12 മണിക്കുശേഷം 1 മണിക്ക് നിങ്ങൾ സ്വന്തം വസതികളിൽ സുഖമായി ഉറങ്ങുമ്പോൾ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ കേരളത്തിലെ ഭാവി തലമുറയിലെ നേതാക്കന്മാർക്കെതിരെ ഗ്രനേഡ് ഉപയോഗിച്ചതിന് എന്ത് എക്സ്യൂസാണുള്ളത്. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും ഞാൻ പറയുന്നത് ശ്രീ. ടി.എൻ. പ്രതാപനും ശാന്തമായി കേൾക്കുക. നമ്മളെല്ലാവരും രാഷ്ട്രീയ പ്രവർത്തകരാണ്. ആയുഷ്ക്കാലം മുഴുവൻ ഇവിടെ ആരും ഇരിക്കാൻ പോകുന്നില്ല, വെളിയിലിറങ്ങും. നിങ്ങൾക്ക് യുവജന പ്രസ്ഥാനങ്ങളില്ലേ; യൂത്ത് കോൺഗ്രസ്സ് ഇല്ലേ, നിങ്ങൾ ഗുണ്ടകളാണോ? ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങെന്ത്

രസകരമായ തമാശകളാണ് ഇവിടെ പറഞ്ഞത്. യൂത്ത് കോൺഗ്രസ്സുകാർ 500, എ.ഐ.വൈ.എഫ്. പ്രവർത്തകർ എത്ര; നിങ്ങൾ പറഞ്ഞത് 500 പേരെ ആക്രമിച്ചുവെന്നാണ്. നിങ്ങൾ ആഭ്യന്തരമന്ത്രിയായതുകൊണ്ട് സഭയിൽ എന്തും പറയാമെന്നാണോ? അതു ശരിയാണോ? ഇന്നത്തെ മലയാള മനോ രമ പത്രം നിങ്ങൾ കണ്ടോ; കണ്ടിട്ടല്ലേ നിങ്ങൾ വന്നത്? എന്ത് ന്യായീകരണ മാണ് നിങ്ങൾക്ക് പറയാനുള്ളത്? തലയിൽ കെട്ടുംകെട്ടിയ ഒരു കുപ്രസിദ്ധ നായ ഗുണ്ട ഒരു പാവം പെൺകുട്ടിയെ തല്ലുന്നു. പെരുവഴിയിൽ ഒരു പെൺകുട്ടിയെ ഗുണ്ടയെ വിട്ട് തല്ലാൻ നിങ്ങൾക്ക് നാണമുണ്ടോ; ലജ്ജയു ണ്ടോ? നിങ്ങൾക്ക് പെൺകുട്ടികളില്ലേ; നാണമുണ്ടോ, ശ്രീ. ടി. എൻ. പ്രതാ പൻ, നിങ്ങളത് ന്യായീകരിക്കുകയാണോ? പുതുപ്പള്ളിയിൽ നിന്ന് ഇന്നലെ ഗുണ്ടകളെ കൊണ്ടുവന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ് കാൽക്കാശിന് കൊള്ളുകയില്ലെന്ന് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ഇന്നലെ പറ ഞ്ഞു. ഈ ഗവൺമെന്റിനെ അട്ടിമറിക്കുന്നത് ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് ആണെന്ന് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ഇന്നലെ ദി ഹിന്ദു പത്ര ത്തിൽ പറഞ്ഞിരിക്കുന്നു, ലീഡ് ന്യൂസാണ്. ഗവൺമെന്റിനെ മറിച്ചിടാൻ, അട്ടിമറി നടത്തുന്ന പോലീസ്. നിങ്ങളുടെ രോഷം ഞങ്ങളുടെയടുത്ത്. ഞങ്ങൾ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ ആളുകളാണോ? നിങ്ങളുടെ ഗവൺമെന്റിനെ മറിച്ചിടുന്നതാരാണ്? നിങ്ങളെവിടെയെല്ലാം തല്ലി, കൊല്ലം ജില്ലയിൽ സാബു താഴെ വീണ് കൈയൊടിഞ്ഞുവെന്നുപറഞ്ഞു, അതെങ്ങ നെയാണ് റോഡിൽകൂടി പോകുമ്പോൾ താഴെവീണ് ആളുകളുടെ കൈ ഒടി യുന്നത്; വണ്ടിയിടിച്ചതാണ്... മുഖ്യമന്ത്രിയുടെ വണ്ടിയിടിച്ച് സാബുവിനെ കൊല്ലാൻ നോക്കിയതാണ്. നിങ്ങൾ കൊല്ലാൻ നോക്കിയതാണ്. നിങ്ങളി ന്നലെ എ.ഐ.വൈ.എഫ് പ്രസിഡന്റിനെ തല്ലി, നിങ്ങൾ അയാളെ കൊല്ലുമോ;

അയാളുടെ തലയ്ക്കാണ് അടികിട്ടിയത്, തലപൊട്ടിയാണ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുന്നത്. കണ്ണിൽച്ചോരയുണ്ടോ; നിങ്ങൾ രാഷ്ട്രീയ പ്രവർത്തകരല്ലേ? ഒരാളെങ്കിലും പോയി നോക്കാത്തതെന്താണ്; നിങ്ങൾക്ക് പേടിയുണ്ടെങ്കിൽ ഞാൻ കൊണ്ടുപോകാം. പേടിയുണ്ടോ നിങ്ങൾക്ക്? ഞങ്ങളൊന്നും ചെയ്യില്ല, ശ്രീ. സി. പി. മുഹമ്മദ്, കൂടെക്കൂടെ ഇങ്ങോട്ട് ആക്രമിച്ചാൽ പോരാ, നിങ്ങൾ കിടന്നാൽ ഞങ്ങൾ കാണാൻ വരും. ഞങ്ങൾ നിങ്ങളെ നോക്കാൻ വരും, കാരണം നമ്മൾ രാഷ്ട്രീയ പ്രവർത്തക രാണ്. ഇന്ന് നടക്കുന്നത് ഇങ്ങനെയാണോ? ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണന്റെ പോലീസ് അടിച്ചാൽ മനസ്സിലാകും; നിങ്ങൾ കൂലിക്ക് ഗുണ്ടകളെ എടുത്ത് നേരിടാൻ പോകുകയാണോ? ഒരു പെൺകുട്ടിയുടെ നേരെ ഇങ്ങനെ ചെയ്യാമോ? പൊതുസദസ്സിൽ വച്ച് പാഞ്ചാലിയുടെ വസ്ത്രാക്ഷേപം നടത്തിയത് നമ്മുടെ മഹാഭാരതത്തിലെ ഏറ്റവും പാപ പങ്കിലമായ ഒരു കാര്യമാണ്. നിങ്ങൾ ദുശ്ശാസനന്മാരാണ്, ആധുനിക ദുശ്ശാസനന്മാർ. ഈ നിയമസഭയിലെ രണ്ട് വനിതാ എം.എൽ.എ. മാർ പി. ജെ. കുര്യന്റെ കേസ്സു മായി ബന്ധപ്പെട്ട് പ്രതിഷേധിച്ചപ്പോൾ ആ സ്ത്രീകളെ നിങ്ങൾ പെരുവഴിയിൽ കൈകാര്യം ചെയ്തു, സാരി പിടിച്ച് വലിച്ചു. നിങ്ങൾ കണ്ടില്ലേ; നിങ്ങളുടെ സമീപനമെന്താണ്? സമരം ചെയ്ത സ്ത്രീകളോട് അത് ചെയ്യാമോ? എന്ത് ന്യായീകരണമാണ് മിസ്റ്റർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിങ്ങൾക്ക് പറയാനു ള്ളത്? നമ്മൾ ഈ രാജ്യത്ത് ജീവിക്കുന്നവരല്ലേ; ഞാൻ ഇതിന്റെ കണക്കു കൾ പറയുന്നില്ല. കഴിഞ്ഞ ഏതാനും ദിവസങ്ങളായി എല്ലാ ദൃശ്യ പത്ര മാധ്യമങ്ങളിലും നിറഞ്ഞു നിൽക്കുന്നത് നിങ്ങൾ തല്ലുന്നതാണ്. തല്ലിത്തല്ലി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസിനെ ശ്രീ. ഉമ്മൻ ചാണ്ടിക്ക് വിശ്വാസമില്ലാത്തതുകൊണ്ട് പുതുപ്പള്ളിയിൽ നിന്ന് വാടകയ്ക്ക് ഗുണ്ടകളെ

യെടുത്ത്, പോലീസ് നോക്കി നിൽക്കവെ ഈ ഗുണ്ടകൾ എന്തിന് മർദ്ദിച്ചു? നിങ്ങളുടെ പോലീസിനെയും തല്ലി; നാണമുണ്ടോ അവിടെകയറിയിരിക്കാൻ? നിങ്ങൾക്ക് ഈ പോലീസിന് സംരക്ഷണം നൽകാൻ കഴിയുമോ? ത്രിവർണ്ണ പതാകയും പിടിച്ചാണ് സ്ത്രീകളെ പീഡിപ്പിക്കുന്നത്. സരിതയുടെ രോമത്തിൽ തൊടാൻ പറ്റാത്ത നിങ്ങൾ.. ശാലുമേനോന്റെ രോമത്തിൽ തൊടാൻ സാധിക്കാത്ത നിങ്ങൾ.. ഞങ്ങളുടെ പാവപ്പെട്ട പ്രവർത്തകരെ, ഞങ്ങളുടെ പെൺകുട്ടികളെ തെരുവിൽ നിങ്ങൾ തല്ലി, എന്തു ന്യായമാണ് നിങ്ങൾ പറയുന്നത്? ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? നിങ്ങളവരെ എന്തു ചെയ്തു; വിലങ്ങ് വച്ചോ? നിങ്ങളവരെ വിലങ്ങ് വച്ചോ; പോലീസ് അവരെ തല്ലിയോ; പോലീസ് അവരെ ചോദ്യം ചെയ്തോ, ചോദ്യം ചെയ്തിട്ട് മൊഴി എടുത്തിട്ടുണ്ടോ? ഈ കോടതിയിൽ പറയാമോ? നിങ്ങൾ ചെയ്യുന്നത് മഹാപാപമാണ്. നിങ്ങൾ പാടില്ലാത്തത് ചെയ്യുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഈ മർദ്ദനങ്ങൾക്കുമുഴുവൻ കൂട്ടുനിൽക്കുകയാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, എന്താണ് ഈ കേരളത്തിന്റെ തെരുവിൽ നടക്കുന്നത്, ഞങ്ങൾക്ക് പ്രതിഷേധിച്ചുകൂടെ? കരിങ്കൊടി കണ്ടാൽ വിരളുകയില്ലെന്നല്ലേ നിങ്ങൾ പറഞ്ഞത്. നിങ്ങളെ വിരട്ടാൻ ഞങ്ങളല്ല ചെയ്തത്, നിങ്ങളെ വിരട്ടുന്ന ആളുകൾ നിങ്ങളുടെ കൂടെയുണ്ട്, പുറകിലും മുമ്പിലും വശങ്ങളിലുമുണ്ട്. പറഞ്ഞുതരട്ടെ.. ഞാൻ വിരൽ ചൂണ്ടട്ടെ? ഞാൻ വിരൽ ചൂണ്ടുകയില്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടീ, ജനാധിപത്യത്തിൽ പ്രതിഷേധിക്കണ്ടേ, പ്രതിപക്ഷം വേണ്ടേ? സരിതമാർ നിങ്ങളെ വേട്ടയാടുമ്പോൾ ഞങ്ങൾ പ്രതിഷേധിക്കുന്നത് നിങ്ങൾക്കുവേണ്ടിയാണ്. ശാലുമാർ വേട്ടയാടുമ്പോൾ... ശ്രീ. ഷിബു ബേബി ജോൺ, ഞാനെല്ലാം പറയും ദയവുചെയ്ത് ഇടപെടരുത്.... ഇടപെടരുത്.. എന്നെക്കൊണ്ടൊന്നും പറയിപ്പിക്കരുത്... ഞാന

തൊന്നും പറയുന്നില്ല, ആരേയും വ്യക്തിപരമായി ആക്ഷേപിക്കില്ല... ദയവു ചെയ്ത് ഇടപെടരുത്. ഇതൊരു അടിയന്തരപ്രമേയമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ നിങ്ങൾ ഇടപെടാത്ത തെന്താണ്? എന്താണ് ശ്രീ. ഷിബു ബേബി ജോൺ ഇടപെടാത്തത്? ഞാനൊരു പാവമായതുകൊണ്ടാണോ? എന്റെ ഓഫീസ് ആക്രമിച്ചു, യൂത്ത് കോൺഗ്രസ്സുകാർ ഇനി നാളെയെന്നെ അടിക്കില്ലെന്ന് എന്താണുറപ്പ്? ശ്രീ. സി. പി. മുഹമ്മദ്, നിങ്ങൾ നാഷണൽ ഹൈവേ വഴി പോകുമ്പോൾ കരുനാഗ പ്പള്ളിയിലെ എന്റെ ഓഫീസ് നോക്കണം. ഒരു എം.എൽ.എ.യുടെ ഓഫീസാണ് അത്, രാഷ്ട്രീയ ഓഫീസല്ല. പാവപ്പെട്ടവർക്ക് വരാൻ നിങ്ങളു ടെയെല്ലാ മണ്ഡലങ്ങളിലെയും എം.എൽ.എ.മാർക്ക് പ്രത്യേക സംവിധാനമു ണ്ട്; ആ ഓഫീസുകൾ കയ്യേറാമോ? ഞാൻ ഇന്നലെ ആഭ്യന്തര വകുപ്പുമ ന്ത്രിയെ വിളിച്ച് പറഞ്ഞില്ലേ; നിങ്ങളൊരു ആഭ്യന്തര വകുപ്പ് മന്ത്രിയല്ലേ? ഒരു എം.എൽ.എ.യുടെ ഓഫീസ് ഒരു രാഷ്ട്രീയ പാർട്ടി ഓഫീസാണോ? അതിന്റെ പേരിൽ ഒരാളിനെയെങ്കിലും നിങ്ങൾ അറസ്റ്റ് ചെയ്തോ; അവിടെ പോലീസില്ലേ? നിങ്ങളേതുവരെ പോകാൻ പോകുകയാണ്; നിങ്ങളെന്താണ് ശ്രീധരൻ നായരെ അറസ്റ്റ് ചെയ്യാത്തത്? മുഖ്യമന്ത്രി, എന്താണ് ഇയാളെ അറസ്റ്റ് ചെയ്യാത്തത്? ഇയാളെ കണ്ടിട്ടുണ്ടോ? നിങ്ങളെ കണ്ടുവെന്ന് ഇന്നലെ പറഞ്ഞു; ടെന്നി ജോപ്പനും സരിത എസ്. നായരും, ശ്രീധരൻ നായരും ഒന്നിച്ച് കഴിഞ്ഞ വർഷം ജൂലൈ മാസം... ഇന്ന് ഒരു വർഷമായി, കഴിഞ്ഞ ജൂലൈ 9-ാം തീയതിയാണ് നിങ്ങളുടെ ഓഫീസിൽ വന്നത്. നിങ്ങ ളിന്ന് വാർഷികമാഘോഷിക്കണം. മുഖ്യമന്ത്രിയുടെ ഓഫീസിൽ മധുര പലഹാരം വിളമ്പണം, വിജയകരമായ ഒരു വർഷം പിന്നിട്ടു. ഞങ്ങളൊരു വർഷംവരെ കാത്തിരുന്നില്ലേ ശ്രീ. പി. സി. ജോർജ്, നിങ്ങളെപ്പോലെ

ഞങ്ങളൊന്നും പറഞ്ഞില്ല. ശ്രീധരൻ നായർക്ക് പറയാനുള്ളത് കേട്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇത് ഇന്നലെ കേരളം മുഴുവൻ കണ്ട താണ്. കോൺഗ്രസ് അനുഭാവിയായ, കോൺഗ്രസ്സുകാരെ തീറ്റിപ്പോറ്റുന്ന ശ്രീധരൻ നായരുടെ മൊഴിയാണ് ഇന്നലെ വന്നത്. നിങ്ങൾക്കെന്താണ് ശബ്ദമില്ലാത്തത്; നിങ്ങളെന്താണ് ഒന്നും മിട്ടാത്തത്? സരിത എസ് നായർ ഇല്ലായിരുന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. സരിത എസ് നായർ ഉണ്ടായിരുന്നു എന്നാണ് ശ്രീധരൻ നായർ പറയുന്നത്. മാത്രവുമല്ല, സരിത എസ് നായർ ചെല്ലുമ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിലെ ജീവന ക്കാർ പഞ്ചപുച്ഛമടക്കി എണിറ്റു നിൽക്കുന്നു എന്നും പറയുന്നു. ഇത് എന്തു കഷ്ടമാണ്? എനിക്ക് വളരെ ബഹുമാനമുള്ള ഒരാളാണ് അങ്ങ്. അങ്ങയുടെ പതനം കാണുന്നതിൽ വേദനയുണ്ട്. പക്ഷേ അങ്ങേയ്ക്കിനി വേറെ വഴിയി ല്ല. ഇപ്പോഴാണെങ്കിൽ നിയമസഭയിൽ നിന്ന് നേരായ വഴിയിൽക്കൂടി ഇറങ്ങി പ്പോകാം. കുറച്ചുകഴിഞ്ഞാൽ വഴി വേറെ തേടേണ്ടിവരും. നിങ്ങൾ ഞങ്ങളെ അടിച്ചോളൂ. നിങ്ങളുടെ കയ്യിൽ പോലീസുണ്ട്, ഗ്രനേഡുണ്ട്, ലാത്തിയുണ്ട്, നിയമങ്ങളുണ്ട്, ഗുണ്ടാ നിയമമുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കേരളത്തിന്റെ ചരിത്രം നിങ്ങൾക്കറിയാമോ? സമരങ്ങളെ അടിച്ചമർത്തിയ ആളുകൾ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലാണ്. ഈ രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനത്തിലെ ധാരാളം ആളുകൾ അടികൊള്ളുകയും ജയിലിൽ കിടക്കു കയും ചെയ്തിട്ടുണ്ട്. ഇപ്പോഴും ഞങ്ങളുടെ ആളുകൾ ജയിലിൽ കിടക്കുക യാണ്. എത്ര ആളുകൾ ഇപ്പോൾ ജയിലിൽ കിടക്കുകയാണെന്നറിയാമോ; എന്താണ് കാര്യമെന്നറിയാമോ? നിങ്ങളെ പ്രതിഷേധിച്ചതിനാണ് ഞങ്ങളുടെ ആളുകൾ ജയിലിൽ കിടക്കുന്നത്. അല്ലാതെ വേറെ വല്ല കാര്യവുമുണ്ടോ? നിങ്ങൾ പറയുന്നു, നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്ന്. ഞാൻ

ചോദിക്കട്ടെ, ഗുണ്ടയെക്കൊണ്ട് സ്ത്രീകളെ വഴിയിലിട്ടടിക്കാമെന്ന് ഏതു നിയമത്തിലാണ് പറഞ്ഞിരിക്കുന്നത്; ഏത് നിയമമനുസരിച്ച് അവന്റെ പേരിൽ നിങ്ങൾ കേസെടുത്തു; ആ ഗുണ്ടയ്ക്കെതിരെ സാമൂഹ്യവിരുദ്ധനെന്ന പേരിൽ ഏതെങ്കിലും കേസെടുത്തോ; നിങ്ങൾക്ക് എന്ത് പി.ഡി.പി.പി ആക്ടാണുള്ളത്; ഞങ്ങൾക്കെതിരെയുള്ള ഈ ആക്രമണത്തിന് നിങ്ങൾ എന്ത് നഷ്ടപരിഹാരം നൽകും? തലയിൽ അടികൊണ്ട് കിടക്കുന്നത് നിങ്ങളുടെ സഹപ്രവർത്തകൻ കൃഷ്ണപ്രസാദാണ്. (മംഗളം പത്രം ഉയർത്തികാണിച്ചു). ....... (തടസ്സം)..... ഞാൻ കാര്യങ്ങൾ പറയട്ടെ. സർ, ഇത് നിയന്ത്രിക്കണം. സാധാരണ അംഗങ്ങൾ എന്റെ നേർക്ക് കയറണ്ട. മന്ത്രിമാർ പറയട്ടെ. ഇവിടെ എത്ര ആഭ്യന്തര വകുപ്പുമന്ത്രിയുണ്ട്? ഈ കാണുന്നതെല്ലാം വായിച്ചിട്ടല്ലെ നിങ്ങൾ വരുന്നത്? (സിറാജ് പത്രം ഉയർത്തിക്കാണിച്ചു) ഇതിൽ വേറേയും വാർത്തകളുണ്ട്. ഇതിൽ മുഖ്യമന്ത്രിയെ നേരിൽകണ്ട ആളുകളുടെ പേരുകളും വിവരങ്ങളുമുണ്ട്. സിറാജ് ഞങ്ങളുടെ പത്രമല്ല. ഇത് നിങ്ങൾക്കെല്ലാം പരിചയമുള്ള പത്രമാണ്. നമ്മുടെ വീടുകളിലെല്ലാം അമ്മമാരും പെങ്ങന്മാരുമില്ലേ; അവരെല്ലാം സമരത്തിനു പോകില്ലേ; അവരൊക്കെ പൊതുപരിപാടികളിൽ പങ്കെടുക്കില്ലേ? അവരെ വാടക ഗുണ്ടകളെ വിട്ട് കൈകാര്യം ചെയ്താൽ എന്താണ് ചെയ്യുന്നതെന്നറിയാമോ? ഞാൻ അത് പറയുന്നില്ല. നമ്മുടെ അമ്മ പെങ്ങന്മാരെ പെരുവഴിയിലിട്ട് അപമാനിച്ചാൽ ആത്മാഭിമാനമുള്ളവർ ചെയ്യേണ്ടത് ഞങ്ങൾ ഇപ്പോൾ ചെയ്തില്ല. അതൊരു ദൗർബല്യമായി കണക്കാക്കരുത്. ഇവരെ പെരുവഴിയിലിട്ട് തല്ലുന്നതിന് ഈ ത്രിവർണ്ണപതാക നിങ്ങളെന്തിനു കൊടുത്തു. ത്രിവർണ്ണപതാകയ്ക്ക് ഇത്ര വിലയേയുള്ളോ? ആർക്കുമെടുത്ത് എന്ത് അനാവശ്യവും കാണിക്കാൻ ഇത് ഉപയോഗിക്കാമോ? നിങ്ങളുടെ കൊടിയും വടിയും ഉപ

യോഗിച്ച് നിങ്ങളുടെ ഗുണ്ട തെരുവിലൊരു പാവപ്പെട്ട പെൺകുട്ടിയെ മർദ്ദിക്കുകയാണ്. അവൾ കൈയെടുത്ത് തൊഴുകയാണ്. എന്താണ് നിങ്ങൾ ഇവിടെ കാണിക്കുന്നത്, ഇതാണോ രാഷ്ട്രീയ കളി; ഇങ്ങനെയാണോ ഞങ്ങളെ നേരിടാൻ നിങ്ങൾ തീരുമാനിച്ചിരിക്കുന്നത്? എം.എൽ.എ. മാരുടെ ഓഫീസ് തകർക്കുക, എം.എൽ.എ. മാരെ കയ്യേറ്റം ചെയ്യുക, നിയമസഭ തന്നെ വിജിലൻസിലാക്കുക. അതുപോലെ ഈ മർദ്ദനങ്ങൾക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറുപടി പറഞ്ഞാൽപ്പോര. കേരളത്തിന്റെ ഭരണം കേരളത്തിന്റെ മുഖ്യമന്ത്രിയുടെ കയ്യിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഈ സോളാർ തട്ടിപ്പ് കേസ് പ്രതിപക്ഷം പുറത്തുകൊണ്ടുവന്നതല്ല, ഇത് പല മാധ്യമങ്ങൾ കൊണ്ടുവന്നതാണ്. നിയമസഭയിൽ ഇതുന്നയിച്ചു എന്നുള്ള ഒരു കാര്യംമാത്രമാണ് ഞങ്ങൾ ചെയ്തത്. അല്ലാതെ ഞങ്ങളൊരു തെറ്റും ചെയ്തില്ല. ജനാധിപത്യത്തിന്റെ അവകാശം പ്രതിപക്ഷം സഭയിൽ ഉന്നയിച്ചു. നിങ്ങൾ രാജിവയ്ക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. രാജിവച്ച് അന്വേഷണം നേരിടണമെന്നു പറഞ്ഞു. അത് മഹാപാപമാണോ? പഴയ മുഖ്യമന്ത്രി കെ. കരുണാകരൻ എന്തിനാണ് രാജിവച്ചത്; അദ്ദേഹം ചാരപ്പണി നടത്തിയോ; ആരാണ് അതിന് കൂട്ടുനിന്നത്? കേന്ദ്രമന്ത്രിസഭയിൽ നിന്ന് ശ്രീ. എ. കെ. ആന്റണി എന്തിനാണ് രാജി വച്ചത്? പഞ്ചസാര കുംഭകോണത്തിൽ അദ്ദേഹത്തിന് പങ്കില്ല. ഇനി ഞാൻ ഡൽഹിയിലേയ്ക്കില്ലെന്നു പറഞ്ഞ് അദ്ദേഹം തിരിച്ചു വന്നില്ലേ. അതൊരു നല്ല മാതൃകയല്ലേ. ശ്രീ. പവൻകുമാർ ബൻസാലും ശ്രീ. അശ്വിനി കുമാറുമടക്കം അഞ്ച് കേന്ദ്ര മന്ത്രിമാർ എന്തിനാണ് രാജിവച്ചത്. യു.പി.എ. ഗവൺമെന്റിലെ കേന്ദ്രമന്ത്രിമാരല്ലേ അവരൊക്കെ. ഇവിടെയിരിക്കുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്തിനാണ് രാജിവച്ചത്; അദ്ദേഹം കുറ്റവാളിയാണോ? ശ്രീ. കെ. പി. വിശ്വനാ

ഥനും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററും  എന്തിനാണ് രാജിവച്ചത്; അവരൊക്കെ കുറ്റവാളികളാണോ? ഇതൊക്കെ ധാർമ്മികതയല്ലേ. ശ്രീ. എ. കെ. ആന്റണിക്കെതിരായി എം.എൽ.എ. മാരുടെ മാസ് പെറ്റീഷൻ തയ്യാറാക്കിയത് ഞങ്ങളാണോ?  ശ്രീ. എ. കെ. ആന്റണിയെ അവിടെനിന്ന് മാറ്റണമെന്ന് പറഞ്ഞത് ഞങ്ങളാണോ?  ഇങ്ങനെ എന്തെല്ലാം ഇവിടെ നടന്നു. ഇതെല്ലാം രാഷ്ട്രീയ ധാർമ്മികതയാണ്.  ശ്രീമാൻ ഉമ്മൻ ചാണ്ടിയുടെ കാലത്ത് കേരളത്തിന്റെ പൊതു രാഷ്ട്രീയത്തിന്റെ മൂല്യം നിങ്ങൾ കശാപ്പു ചെയ്യാൻ നോക്കരുത്.  നിങ്ങൾ അത് സംരക്ഷിക്കണം.  മഹത്തായ കോൺഗ്രസ്സിന്റെ പാരമ്പര്യത്തേയും  ജവഹർലാൽ നെഹ്റുവിനേയും സ്നേഹിക്കുന്ന ജനത ഇന്ത്യയിലിപ്പോഴുമുണ്ട്.  അവർ ജനാധിപത്യവാദികളാണ്.  ആ ജനങ്ങൾ മുഴുവൻ പ്രതീക്ഷിക്കുന്നത് ശ്രീ. ഉമ്മൻ ചാണ്ടി സത്യസന്ധമായി തീരുമാനമെടുത്ത് കുറ്റവിമുക്തനായി വിജയശ്രീ ലാളിതനായി തിരിച്ചുവരണമെന്നാണ്.  സി.പി.ഐ. യും സി.പി.ഐ.(എം.) ഉം ചേർന്ന ഇ.എം.എസ്.  മന്ത്രിസഭയിൽ ടി.വി.തോമസും  എം.എൻ.ഗോവിന്ദൻനായരും അഴിമതിയുടെ ആളുകളാണെന്ന പരാമർശം വന്നു.  മാത്രവുമല്ല ജുഡീഷ്യൽ എൻക്വയറിക്കുവേണ്ടി  ജസ്റ്റിസ്  മുള്ള കമ്മീഷനെ നിയമിച്ചു.  അപ്പോൾ ത്തന്നെ എം.എൻ.ഗോവിന്ദൻ നായരും ടി. വി. തോമസും രാജിവച്ചു. എന്നിട്ട് അവരൊക്കെ തിരിച്ചുവന്നു.  ...... (തടസ്സം) ......

<u>മി. സ്പീക്കർ:</u> പ്ലീസ്.......അദ്ദേഹം പറയുന്ന കാര്യങ്ങൾ വസ്തുതാപരമായി തെറ്റാണെങ്കിൽ ഇനി സംസാരിക്കുന്നവർക്ക് മറുപടി പറയാമല്ലോ.

<u>ശ്രീ. സി. ദിവാകരൻ:</u> നിങ്ങൾ ഇപ്പോൾ പ്രകോപിതരാകേണ്ട. രാഷ്ട്രീയമായ സത്യസന്ധത പുലർത്താൻ.... ജനാധിപത്യത്തെക്കുറിച്ച്

നിങ്ങൾ പുരപ്പുറത്തുകയറി നിന്ന് ഒരുപാട് പ്രസംഗിക്കാറുണ്ട്. നിങ്ങളുടെ ജനാധിപത്യം പെൺകുട്ടികളെ ഗുണ്ടകളെക്കൊണ്ട് തല്ലിക്കുന്നിടംവരെയെത്തി. നിങ്ങളുടെ ജനാധിപത്യം എ.ഐ.വൈ.എഫ്.നെപ്പോലുള്ള യുവജനപ്രസ്ഥാനങ്ങളെ കാറുകയറ്റി കൊല്ലുന്നിടംവരെയായി. നിങ്ങളുടെ ജനാധിപത്യം നിയമസഭയെ വിജിലൻസിന്റെ അകത്താക്കി. നിങ്ങളെന്തിനാണ് ശ്രീ. റ്റി. വി. രാജേഷിനെ ഇന്നലെ അർദ്ധരാത്രി പതിയിരുന്ന് തല്ലിയത്? കേരളത്തിൽ നിയമസഭാ സാമാജികന്മാർക്ക് രാത്രിയും പകലും സഞ്ചരിക്കാൻ കഴിയുന്നില്ല. ഇതാ മുഖ്യമന്ത്രിക്കെതിരെയുള്ള പ്രസ്താവന വന്നിട്ടുണ്ട് (ഒരു കഷണം പേപ്പർ ഉയർത്തിക്കാണിച്ചു). നിങ്ങൾ ഇല്ലായില്ലാ എന്നു പറഞ്ഞ കാര്യങ്ങൾ കോടതിയിൽ ശ്രീധരൻ നായർ അക്കമിട്ട് നിരത്തിപ്പറഞ്ഞിട്ടുണ്ട്. ഇനി എന്താണ് വഴി. ഞങ്ങൾ ഈ പറയുന്നതൊക്കെ തെറ്റാണോ? ഞങ്ങളെ എന്തിനാണ് തല്ലിയത്; ഞങ്ങളെ എന്തിനാണ് അറസ്റ്റുചെയ്യുന്നത്; എന്തിനാണ് നിങ്ങൾ കൂലികളെക്കൊണ്ട് തല്ലുന്നത്? ഞങ്ങൾ പറഞ്ഞതെല്ലാം 1, 2, 3, 4 എന്ന് അക്കമിട്ട് തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ആദ്യം പറഞ്ഞു ശാലൂ മേനോനെ കണ്ടില്ലായെന്ന്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു രണ്ടുമിനിട്ടേ എടുത്തുള്ളൂവെന്ന്. പിന്നെയത് കരിക്കുകുടിയിൽ അവസാനിച്ചു. ഒരു കേന്ദ്ര മന്ത്രി അവിടെയിരിപ്പുണ്ട്. പല കേന്ദ്രമന്ത്രിമാരുമുണ്ട്. പല യാത്രകളുണ്ട്, പല സംഭവങ്ങളുണ്ട്. ഇതൊന്നും പറയാൻ പറ്റിയ വേദിയല്ല ഇത്. ദയവുചെയ്ത് നിയമസഭയെ നിങ്ങൾ ഇനിയും അലങ്കോലപ്പെടുത്തരുത്. പറയാൻ കഴിയാത്ത കാര്യങ്ങൾ ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുത്. നിങ്ങൾ പറയിച്ചേ അടങ്ങൂ എന്നാണ്. നിങ്ങൾ പല ഗ്രൂപ്പാണ്. യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ അടിത്തറ തകർന്നു. നിങ്ങൾക്കിനി ഗതിയില്ല. നിങ്ങൾ തന്റേടത്തോടെ രാജിവയ്ക്കണം. ഈ കേരളത്തെ

കുരുതിക്കളമാക്കാതെ, തെരുവുയുദ്ധം നടത്താതെ നിങ്ങൾ രാജിവയ്ക്കണം. നിങ്ങളുടെ ഗവൺമെന്റിനെ അട്ടിമറിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, പ്ലീസ്.....

ശ്രീ. സി. ദിവാകരൻ: സർ, മുഖ്യമന്ത്രീ, അങ്ങ് ആരോപണ വിധേയനാണ്. അതുകൊണ്ട് അങ്ങ് രാജിവച്ച് നിരപരാധിയാണെന്ന് തെളിയിക്കണം. അതിന് ജുഡീഷ്യൽ എൻക്വയറി വേണം. അതിന് നിങ്ങൾ തല്ക്കാലം മാറിനിൽക്കണം. അല്ലാതെ വേറെ വഴിയില്ല. കേരളത്തെ രക്ഷിക്കാൻ അതിന് നിങ്ങൾ സന്നദ്ധത കാണിക്കണം. ഇവരൊക്കെ പിന്തുണ വെറുതെ പറയുന്നതാണ്. നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുന്ന ആളുകൾ ഇപ്പുറത്തിരിക്കുന്നവരാണ്. നിങ്ങൾക്ക് എന്നെ വിശ്വസിക്കാം. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജിവച്ച് അന്വേഷണം നേരിടണം. കേരളത്തെ കുരുതിക്കളമാക്കിയ പോലീസ് മർദ്ദനങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. എന്റെ ഓഫീസിൽ കയ്യേറ്റം നടത്തി ഓഫീസ് തല്ലിത്തകർത്ത ഒരാളിനെപ്പോലും നിങ്ങൾ ഇപ്പോഴും അറസ്റ്റുചെയ്തിട്ടില്ല. ഞാൻ വാടകയ്ക്കെടുത്ത ഓഫീസാണ് തല്ലിത്തകർത്തത്. അതിനുള്ള നഷ്ടപരിഹാരം ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കയ്യിൽ നിന്നും ഈടാക്കും. കാരണം നിങ്ങളാണ് ഇതിനുത്തരവാദി. നിങ്ങൾ എന്റെ ഓഫീസ് ശരിയാക്കിത്തരണം. ശ്രീധരൻ നായരുടെ കോടതിയിലെ വെളിപ്പെടുത്തലോടുകൂടി കാര്യങ്ങൾ സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജിവച്ച് ജൂഡീഷ്യൽ എൻക്വയറി നടത്താനുള്ള തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ ആഗ്രഹിക്കുന്നു. കേരള നിയമസഭാ അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം 7(എ)ൽ, ഈ സഭയിൽ ഏതെങ്കിലും തെറ്റോ പിശകോ ചൂണ്ടി ക്കാണിക്കാൻ ആഗ്രഹിക്കുന്ന ഒരു മന്ത്രിയോ ഒരു അംഗമോ അക്കാര്യം സഭ യിൽ പരിശോധിക്കുന്നതിന് മുമ്പ് തെറ്റിനെയും പിശകിനെയും കുറിച്ചുള്ള വിവരം ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കണം എന്നാണ് പറയുന്നത്. ഞാൻ അതനുസരിച്ച് അങ്ങേയ്ക്ക് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: അതിനെക്കുറിച്ച് അങ്ങേയ്ക്ക് പിന്നീട് സംസാരിക്കാം. അത് ശരിയല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഇരിക്കൂ. അത് ഇതി നിടയിൽ പറയേണ്ട. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ...... (മൈക്ക് ഓഫ്) ...... ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിച്ചു. അതു സംബന്ധിച്ച് എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി ഒരു രേഖ സമർപ്പിക്കാനുണ്ട്. ഒരു മിനിട്ട് മതി.

മി. സ്പീക്കർ: എന്തുരേഖയാണ് അങ്ങേയ്ക്ക് സമർപ്പിക്കാനുള്ളത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ...... (മൈക്ക് ഓഫ്) ...... ഇന്നലെ റിപ്പോർട്ടർ ചാനലിൽ കാണിച്ച ദൃശ്യത്തിന്റെ സി.ഡി. ബഹുമാന പ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി സഭയുടെ മേശപ്പുറത്തുവയ്ക്കാൻ അനുവദിക്കണം.

മി. സ്പീക്കർ: ...... (ബഹളം) ...... ആ സി.ഡി.-യുടെ കോപ്പി എനിക്ക് രേഖാമൂലം തന്നതാണ്. ചെയറിന്റെ പെർമിഷനോടുകൂടി അങ്ങേയ്ക്ക് അത് ചെയ്യാം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാന്യനായ സി. ദിവാകരൻ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം 23 മിനിട്ടോളം ഇതിനെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. ശാന്തമായി ഞാൻ എല്ലാം കേട്ടു. പക്ഷെ, ഇവിടെയുണ്ടായ ഒരു പ്രതികരണമല്ല ഇപ്പോൾ അവിടെനിന്നുണ്ടാകുന്നത്. അങ്ങ് വളരെ പ്രധാനപ്പെട്ട നേതാവാണ്. മുൻനിരയിൽ ഇരിക്കുന്ന വളരെ പ്രധാനപ്പെട്ട നേതാക്കന്മാരുണ്ട്. നിങ്ങളുടെ ഒരു നിയന്ത്രണം അവിടെയുണ്ടാകും എന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്. അത് പ്രതീക്ഷിച്ചുകൊണ്ട് എനിക്ക് പറയാനുള്ള കാര്യങ്ങൾ ഞാൻ പറയുകയാണ്. ...... (ബഹളം) ......

മി. സ്പീക്കർ: 25 മിനിട്ടുനേരം ശ്രീ. സി. ദിവാകരൻ ഇവിടെ സംസാരിച്ചു. സഭ ശാന്തമായി കേട്ടു. ആരോ ഒന്നുരണ്ടുപേർ ബഹളമുണ്ടാക്കിയെന്ന് ശ്രീ. സി. ദിവാകരൻ പറഞ്ഞു. 25-ൽ നിന്നും രണ്ട് മിനിട്ട് മൈനസ് ചെയ്യാൻ ഞാൻ പറഞ്ഞു. എന്നാൽത്തന്നെ എത്രയാണ്? അതിന് മറുപടി പറയാൻ ആഭ്യന്തര വകുപ്പുമന്ത്രി എഴുന്നേൽക്കുമ്പോൾ..... ബഹളമില്ല, അപശബ്ദങ്ങൾ. അതുകാരണം അദ്ദേഹത്തിന് മറുപടി പറയാൻ കഴിയുന്നില്ല. അദ്ദേഹത്തെ മറുപടി പറയാൻ അനുവദിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിയമസഭാ നടപടിക്രമം അനുസരിച്ച് കക്ഷിനേതാക്കന്മാരാണ് അവരവരുടെ കക്ഷികളെ നിയന്ത്രിക്കേ

ണ്ടത്. കക്ഷി നേതാക്കന്മാർക്ക് നിയന്ത്രണമുണ്ടെങ്കിൽ നിയന്ത്രണം നടക്കട്ടെ. അതല്ല, അവർക്ക് അതിനുമേൽ നിയന്ത്രണമില്ലെങ്കിൽ അങ്ങാണ് നോക്കേണ്ടത്. നേരത്തേ അങ്ങയെക്കൂടി കണക്ട് ചെയ്തുകൊണ്ട് ശ്രീ. സി. ദിവാകരൻ ഒരു കാര്യം പറഞ്ഞു. അങ്ങയെക്കൂടി കണക്ട് ചെയ്ത് പറഞ്ഞത് നിയമസഭയുമായി ബന്ധപ്പെട്ട ഇന്റലിജൻസ് റിപ്പോർട്ടിനെക്കുറിച്ചാണ്. ഓരോ കാലത്തും ഇന്റലിജൻസ് വിഭാഗത്തിന് കിട്ടുന്ന റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കും. അത് സത്യസന്ധമായി അറിയിച്ചിരിക്കണം. സഭ സ്പീക്കറുടെ കസ്റ്റഡിയിലാണ്. സഭയുടെ നാഥൻ അങ്ങാണ്. സഭയ്ക്കകത്തെടുക്കുന്ന ഏത് തീരുമാനങ്ങളെക്കുറിച്ചും സഭാനാഥനായ അങ്ങ് പറയുന്നതാണ് അവസാനത്തെ വാക്ക്. അതുകൊണ്ട് അങ്ങയെ അറിയിക്കാനുള്ള അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള ബാധ്യത ഞങ്ങൾക്കുണ്ട്. ഞങ്ങൾ ആ അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള ബാധ്യത പണ്ടും നിറവേറ്റിയിട്ടുണ്ട്, പഴയ ഗവൺമെന്റുകളും നിറവേറ്റിയിട്ടുണ്ടാകും, ഇന്നും ഞങ്ങൾ നിറവേറ്റിയിട്ടുണ്ട്, ഈ സംവിധാനവും ജനാധിപത്യവും നിൽക്കുമെങ്കിൽ നാളെ വരുന്ന ഒരു ഗവൺമെന്റും അത് ചെയ്യണം. അതുകൊണ്ട് അതൊരു പ്രധാനപ്പെട്ട കാര്യമായി ഞാൻ എടുക്കുന്നതേയില്ല. ഒരു പെൺകുട്ടിയെ മർദ്ദിച്ചതിനെക്കുറിച്ച് പറഞ്ഞു. ആ വിഷയത്തിൽ ഒരു കാര്യം ഞാൻ പറയാം, ആ പെൺകുട്ടിയെ മർദ്ദിച്ചതിനെതിരായി വളരെ സ്ട്രോങ്ങായി ആക്ഷനെടുക്കും, ഒരു സംശയവുമില്ല. പക്ഷേ, അന്വേഷണം നടക്കുകയല്ലേ. അന്വേഷണം നടക്കട്ടെ. ഈ വിഷയത്തിൽ വിട്ടുവീഴ്ചയില്ലാത്ത രൂപത്തിലുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കും. അവിടെ മർദ്ദനമുണ്ടായിട്ടുണ്ടെന്നും ശ്രീ. സി. ദിവാകരന്റെ ഓഫീസിനുനേരെ കല്ലേറുണ്ടായി എന്നുമെല്ലാം നേരത്തേ പറഞ്ഞു. കൂടാതെ ഇവിടെ കുറേ വെല്ലുവിളികളും നടത്തി. ഞാനൊരു

സാധുവായതുകൊണ്ട് അങ്ങനെ വെല്ലുവിളിക്കുന്നതൊന്നുമില്ല. ......(ബഹളം)...... പക്ഷെ, അവരുടെ ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ, ഇവരെല്ലാം മന്ത്രിക്കസേരയിലിരിക്കുന്ന കാലത്ത് ഏറ്റവും ചുരുങ്ങിയത് ഇവിടെയിരിക്കുന്ന 25 പേരെയെങ്കിലും അതിക്രൂരമായി അന്ന് പോലീസ് മർദ്ദിച്ചകാര്യം ഞങ്ങൾ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ഒന്നും ഉണ്ടായിട്ടില്ലല്ലോ? ഈ മുൻപന്തിയിൽ ഇരിക്കുന്ന ആളുകളെ അടക്കം, ഈ പിൻപന്തിയിലും അതിനുമപ്പുറത്തുമുള്ള ആളുകളെയടക്കം എത്രയോ ആളുകളെ മർദ്ദിച്ചിട്ടുണ്ട്. എന്റെ കൈ തല്ലിയൊടിച്ചിട്ടുണ്ട്. കേന്ദ്രത്തിലും സംസ്ഥാനത്തും മന്ത്രിമാരായി ഇപ്പോൾ ഇരിക്കുന്ന ആളുകൾക്കുനേരെ ക്രൂരമായ പോലീസ് മർദ്ദനമുണ്ടായിട്ടുണ്ട്. ഇതെല്ലാം ഒരിക്കൽ ഞാൻ വിഷമത്തോടുകൂടി പറഞ്ഞപ്പോൾ ......(ബഹളം)......

<u>മി. സ്പീക്കർ</u>: ആഭ്യന്തര മന്ത്രി എന്തുപറയണമെന്നുള്ള ശാഠ്യമൊന്നും നിങ്ങൾക്ക് പാടില്ല. അദ്ദേഹം പറയട്ടെ. ഇവിടെ മർദ്ദനവുമായി ബന്ധപ്പെട്ട വിഷയം പറഞ്ഞു, ഏത് പാർട്ടിക്കാരാണെങ്കിലും ഒരു പെൺകുട്ടിയെ മർദ്ദിച്ചത് തെറ്റാണെന്ന് പറഞ്ഞു, അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഗവൺമെന്റ് നടപടി സ്വീകരിക്കും. ഞാൻ അത് ആഭ്യന്തര മന്ത്രിയോട് പറഞ്ഞിട്ടുണ്ട്. ഓഫീസിനുനേരെയുണ്ടായ ആക്രമണവും തെറ്റാണെന്ന് അദ്ദേഹം പറഞ്ഞു. അതിനോടൊപ്പം, പിന്നിട്ടുവന്ന വഴികളിൽ അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളെയും മർദ്ദനങ്ങളെയും കുറിച്ച് സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. ഇതെല്ലാം സ്വാഭാവികമാണ്. ...... (ബഹളം) ......ഒരു പെൺകുട്ടിയെ മർദ്ദിച്ചത് ശരിയാണെന്ന് ആരും പറഞ്ഞില്ല. ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞില്ല, നടപടിയെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ നേരത്തേ പറഞ്ഞതു പോലെ, നമുക്ക് ഈ കാര്യങ്ങളിലുള്ള നിലപാടുകളിലൊന്നും വ്യത്യാസമില്ല. നമ്മുടെ നിലപാടിൽ ചാഞ്ചാട്ടവുമില്ല. അവിടെയായാലും ഇവിടെയായാലും ജനപ്രതിനിധികളെ മർദ്ദിക്കുന്നത് ശരിയല്ല, നടപടി എടുക്കണം. പണ്ടുണ്ടായ പിഴവ് ഈ ഗവൺമെന്റ് ആവർത്തിക്കുന്ന പ്രശ്നമേയില്ല. ഈ ഗവൺമെന്റ് അക്കാര്യത്തിൽ ശക്തമായ നിലപാടുതന്നെ സ്വീകരിക്കും. നേരത്തേ, പോലീസ് ഇവിടെ ഭരണ അട്ടിമറി നടത്തുന്നുവെന്ന് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞതായി പറഞ്ഞു. ഞാൻ ഇക്കാര്യം അദ്ദേഹത്തോട് വ്യക്തിപരമായി ചോദിക്കുന്നുണ്ട്. അദ്ദേഹത്തിന് അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തെളിവുണ്ടെങ്കിൽ ഞങ്ങൾ അത് പരിശോധിക്കും. അങ്ങനെയെന്തെങ്കിലും അട്ടിമറിയുണ്ടോ, അതിന് അദ്ദേഹത്തിന്റെ കയ്യിൽ എന്തെങ്കിലും തെളിവുണ്ടോ; ഉണ്ടെങ്കിൽ ഞങ്ങൾ അത് പരിശോധിക്കും. അങ്ങനെ പോലീസിൽ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടെങ്കിൽ അത് ഇന്റേണലായ കാര്യമാണ്. അത് ഞാൻ പരിശോധിക്കുന്നതാണ്. പകൽ സെക്രട്ടേറിയറ്റിൽ സമരം നടത്തിയാൽ അത് ഫങ്ഷൻ ചെയ്യുന്ന സമയമാണ്. സെക്രട്ടേറിയിറ്റിലെ എല്ലാവരും ഇറങ്ങി. അവിടെയുള്ള ജോലിക്കാരും ജീവനക്കാരുമെല്ലാം വീട്ടിൽപ്പോയി..

ഏറ്റവും അവസാനം സെക്രട്ടേറിയറ്റിൽ പാതിരാത്രിയിൽ കാണുന്നത് വാച്ചർമാർ മാത്രമല്ലേ? വാച്ച് ആന്റ് വാർഡ് മാത്രമുള്ള ആ സമയത്ത് സെക്രട്ടേറിയറ്റ് നടയിൽ സമരത്തിന് പോയാൽ പ്രശ്നമെന്താണ്, നാട്ടിൽ കൊള്ളയും കൊലപാതകവും അക്രമവും മോഷണവും നടക്കുന്ന സന്ദർഭത്തിൽ അത് പിടിക്കേണ്ട പോലീസ് സെക്രട്ടേറിയറ്റിനെ വളഞ്ഞു നിന്നാൽ നാട്ടിൽ നിയമസമാധാനം നേരെയാകുമോ; അവരെ വിഷമിപ്പിക്കുന്നത് ശരി

യാണോ? പകൽ മുഴുവൻ പണിയെടുക്കുന്ന പോലീസ്, പാതിരാത്രിക്ക് മറ്റ് ഡ്യൂട്ടികളിലേയ്ക്ക് പോകേണ്ട ആളുകൾ, അവിടെ പോകാതെ വീണ്ടും സെക്രട്ടേറിയറ്റിലേക്ക്...... ഏതെങ്കിലും കാലത്ത് അങ്ങനെയൊരു ചരിത്ര മുണ്ടോ? പാതിരാത്രി ഒന്നര മണിക്ക് സെക്രട്ടേറിയറ്റ് പടിക്കൽ സമരത്തിന് പോയി ബഹളം ഉണ്ടാക്കുന്നത്.........ദയവായി അങ്ങനെയൊരു സമരത്തി ലേക്ക് പോകരുത് എന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഇവിടെ നേരത്തെ ശ്രീ. സി. ദിവാകരൻ ഇതുമായി ബന്ധപ്പെടാത്ത ചില കാര്യങ്ങളെ ക്കുറിച്ച് പറഞ്ഞു. അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിന്റെ ഓഫീസുമായി ബന്ധ പ്പെട്ട കാര്യങ്ങളാണ്. അവിടെ അക്രമം നടന്നിട്ടുണ്ട്. അവിടത്തെ കോൺഗ്രസ് ഓഫീസിൽ അക്രമം നടന്നിട്ടുണ്ട്. രണ്ടു കാര്യത്തെക്കുറിച്ചും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് എന്നെ രാത്രിയിൽത്തന്നെ വിളിച്ചി രുന്നു. ഞാൻ അപ്പോൾത്തന്നെ ഇൻസ്ട്രക്ഷൻ കൊടുത്തു. കൃത്യമായി അന്വേഷണം നടക്കണം. ഒരു പക്ഷപാതവും കാണിക്കേണ്ട. കോൺഗ്രസ് ഓ ഫീസീനുനേരെ അക്രമം നടന്നു, അവിടെ ആളുകളെ തല്ലിയതായി ഒരു പരാ തിയുണ്ട്. പക്ഷെ, അതിനൊരു ന്യായീകരണം ശ്രീ. സി. ദിവാകരന്റെ ഓ ഫീസ് അക്രമിക്കുകയെന്നുള്ളതല്ല. അതുകൊണ്ട് അതു രണ്ടും ഓഫീസിലെ അക്രമം എന്നുള്ള നിലയിൽ, ആരാണതിന്റെ ഉത്തരവാദി എന്നത് ഗവൺമെന്റ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ; കോടിയേരി ബാലകൃഷ്ണൻ: സർ, ............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ വഴങ്ങാം, ഒരു മിനിട്ട്, അങ്ങേയ്ക്ക് ഞാൻ വഴങ്ങാം, നിശ്ചയമായിട്ടും വഴങ്ങാം. നേരത്തെ ഇവിടെ ഒരു കാര്യം പറഞ്ഞു, ഞങ്ങളെല്ലാവരും ആധുനിക ദുശ്ശാസനൻമാരാണ് എന്നുപറഞ്ഞു. ശ്രീ. സി. ദിവാകരൻ അങ്ങനെ പറയരുതായിരുന്നു. ആധു

നിക ശകുനിമാരും ഈ നാട്ടിന് അത്ര പറ്റിയതല്ല........(ബഹളം)........ അതുകൊണ്ട് ആ രൂപത്തിലുള്ള നടപടി എടുക്കരുത്. ഇവിടെ ഒരു കാര്യം പറഞ്ഞു. ടി. വി. തോമസിനെക്കുറിച്ച്, എം.എൻ. ഗോവിന്ദൻ നായരെക്കുറിച്ച്... ഞങ്ങൾ മാനിക്കുന്ന ആളുകളാണ് അവർ, ടി.വി. തോമസും എം.എൻ ഗോവിന്ദൻ നായരും ഞങ്ങൾ വളരെയധികം ബഹുമാനിക്കുന്ന ആളുകളാണ്. അവരുടെ മുഖത്ത് നോക്കി പ്രഥമദൃഷ്ട്യാ അവർ അവിടെ അഴിമതി കാണിച്ചു എന്ന് പറഞ്ഞത് എന്തിനാണ്? അതെന്തിനാണ് ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്നത്. അഴിമതി കാണിച്ചു എന്നു പറഞ്ഞതുകൊണ്ട് സത്യസന്ധത തെളിയിക്കുന്നതിന് വേണ്ടി അവർ രാജി എഴുതി അന്നത്തെ മുഖ്യമന്ത്രിയുടെ കൈയിൽ കൊടുത്തു..... (ബഹളം)..... ടി.വി. തോമസും, എം. എൻ.ഗോവിന്ദൻ നായരും അതിനുശേഷം ഞങ്ങളുടെ മുന്നണിയിൽ ചേർന്നു. ഞങ്ങളുമായി ഒരു മുന്നണിയിലായി. അന്നവർ മുന്നണി തെറ്റി. എം.പി. യായ അച്ചുതമേനോനെ കേരളത്തിൽ മുഖ്യമന്ത്രിയാക്കി. പിന്നെയും മുന്നണി വന്നു, മുഖ്യമന്ത്രിയായി. ഞങ്ങൾ പിന്തുണച്ചു എന്നു മാത്രമല്ല ഞങ്ങൾ രണ്ടു കൊല്ലക്കാലം ഗവൺമെന്റിൽപോലും കയറിയില്ല ഗവൺമെന്റിന് പുറത്ത് നിന്നു. 1972–ലാണ് കെ. കരുണാകരൻ ഗവൺമെന്റിലേയ്ക്ക് വരുന്നത്. അതൊക്കെ ചരിത്രമാണ്. അന്ന് എം.എൻ. ഗോവിന്ദൻ നായർ കൊണ്ടു വന്ന ലക്ഷം വീട് പദ്ധതിയെ എതിർത്ത് സമരം നടത്തിയത് ആരാണ്, ആ പദ്ധതി തകർത്തതാരാണ്........(ബഹളം)........ ആ പദ്ധതി ഇല്ലാതാക്കിയത് ആരാണ്? ശ്രീ. സി. ദിവാകരൻ അതൊക്കെ........... ഞങ്ങളെല്ലാവരുംകൂടി അന്നു വിളിച്ച മുദ്രാവാക്യം ഞാൻ ഓർക്കുന്നുണ്ട്. .......(ബഹളം) ........ അന്ന് എം.എൻ ഗോവിന്ദൻ നായരെ, ടി.വി. തോമസിനെ മുന്നിൽ

നിർത്തിക്കൊണ്ട് ഇ.എം.എസ്-ന്റെ മുഖത്തു നോക്കി വിളിച്ച മുദ്രാവാക്യമെന്താണ്? അങ്ങ് മറക്കുമോ? അച്ചുതമോനോനെക്കുറിച്ച് പറഞ്ഞതെന്താണ്? ചേലാട്ട് അച്ചുതമേനോനെ, ചേലില്ലാത്തൊരു മേനോനെ.... അതാണ് വിളിച്ച മുദ്രാവാക്യം. അതെല്ലാവർക്കുമറിയാമല്ലോ. അന്ന് ഞങ്ങളിവരുടെകൂടെ നിന്നു, ഞങ്ങളിവരെ സഹായിച്ചു........ ........(ബഹളം)........ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമായി നിൽക്കുകയാണ്. ചരിത്രം ചരിത്രമായി നിൽക്കട്ടെ. ഞാൻ ചരിത്രം തിരയുന്നതിനുവേണ്ടി ശ്രമിക്കുന്നില്ല. പക്ഷെ ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. ഈ ചരിത്രം ആരും മറന്നിട്ടില്ല എന്നോർക്കണം. ഇന്നലെ രാത്രിയും പകലുമായി ധാരാളം അക്രമം നടത്തിയിട്ടുണ്ട്. ഇന്നലെ രാത്രി തിരുവനന്തപുരം ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസ് ആക്രമിച്ചില്ലേ? ഇത് ശരിയാണോ? ന്യായമാണോ? ഇതിന് മുമ്പ് എത്രയോ അക്രമങ്ങൾ തൃശ്ശൂർ ജില്ലയിലും....... കരുനാഗപ്പള്ളി കോൺഗ്രസ് ഓഫീസ് ഞാൻ പറഞ്ഞു. തൃശ്ശൂർ ജില്ലയിൽ എന്താണ് ചെയ്തത്? അതുകൊണ്ട് ഈ രീതിയിൽ വാളെടുത്ത ഒരു പരിശ്രമം നമ്മുടെ സമൂഹത്തിന് ഗുണകരമല്ല. അതുകൊണ്ട് വാൾ താഴെയിടണം. അതിനുള്ള നടപടിയെടുക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നോട് എന്തോ ഒരു ചോദ്യം ചോദിക്കാനൊരുങ്ങി ഞാൻ ശ്രീ. കോടിയേരിക്ക് വഴങ്ങി...... എന്നാൽ അങ്ങ് പറഞ്ഞോളൂ....അങ്ങ് എഴുന്നേറ്റതല്ലേ.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, പ്രതിപക്ഷത്തുള്ള ഒരു പാർട്ടി ലീഡറുടെ ഓഫീസ് ആക്രമിച്ചത്, നിങ്ങൾ മറ്റു പല ആക്രമണങ്ങളിലൂടെ ന്യായീകരിക്കാനാണോ ഉദ്ദേശിക്കുന്നത്. അവിടെ വേറെയേതെങ്കിലും എം.എൽ.എ മാരുടെ ഓഫീസ് തകർത്തിട്ടുണ്ടോ; ഇല്ലല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. സി. ദിവാകരൻ, ആ പാവങ്ങളെയൊക്കെ വിട്ടേക്ക്. എന്റെ തന്നെ കഥയെടുക്കാം. കോട്ടയത്തുള്ള എന്റെ എം.എൽ.എ. ഓഫീസിന് കല്ലെറിഞ്ഞു, ഞാൻ നിയമസഭയിൽ ബഹളമൊന്നുമുണ്ടാക്കിയില്ല. പ്രതികളെ പോലീസ് പിടിച്ചു പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നു. ഞാൻ പോലീസുകാരോട് അവരെയൊന്നും അറസ്റ്റ് ചെയ്യേണ്ട വെറുതേ വിട്ടേയ്ക്കാൻ പറഞ്ഞു. അതാണ് ഞാൻ ചെയ്തത്. എന്റെ ഓഫീസിന്.......... നിങ്ങൾ തിരക്കൂ, ഞാനൊരു നടപടിക്കും പോകാൻ പറഞ്ഞില്ല. അവരുടെ പേരിൽ കേസും വേണ്ടായെന്ന് പറഞ്ഞു. മാത്രമല്ല പരസ്യമായി ഞാൻ അവരോട് ക്ഷമിച്ചു എന്നൊരു പ്രസ്താവന ഇറക്കി. ആ രൂപത്തിലതങ്ങു പോയി. അതുകൊണ്ട് അത് പോകട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ നടത്തിയ പ്രസ്താവനയെക്കുറിച്ച് ഞാൻ അദ്ദേഹത്തോട് ചോദിക്കാമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മുല്ലപ്പള്ളി രാമചന്ദ്രൻ കേന്ദ്ര ആഭ്യന്തര സഹമന്ത്രിയാണ്. അദ്ദേഹം പറഞ്ഞിരിക്കുന്നത്, There are concealed attempts from some quarters of the police department to topple Shri Oommen Chandy lead Government. ഇങ്ങനെയൊരു റിപ്പോർട്ട് കേന്ദ്ര ഇന്റലിജൻസ് കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടുണ്ടോ? ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ഇങ്ങനെയൊരു പ്രസ്താവന ചെയ്യുമ്പോൾ ഇന്റലിജൻസ് റിപ്പോർട്ടില്ലാതെ..........കേന്ദ്ര ആഭ്യന്തര സഹമന്ത്രിയാണദ്ദേഹം, സാധാരണ ഒരു മന്ത്രിയല്ല. അങ്ങനെയൊരു വിടുവായത്തം പറയുന്നൊരാളല്ല അദ്ദേഹം. അങ്ങനെയുള്ള ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി ഇങ്ങനെ പറഞ്ഞപ്പോൾ ഇതു സംബ

സിച്ച് അദ്ദേഹത്തോട് പറഞ്ഞാൽ മതിയോ? ഇങ്ങനെയൊരു റിപ്പോർട്ട് കേന്ദ്രത്തിലയച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഈ സഭയിൽ റിപ്പോർട്ട് ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങു പറഞ്ഞതുകൊണ്ട്, അങ്ങ് ബഹുമാന്യനായ ആളാണ് എനിക്ക്........(ബഹളം)........ അങ്ങയോട് അന്നും ഇന്നും ബഹുമാനമാണ്........(ബഹളം)........ അല്ലെന്ന് അത്ര ബഹുമാന്യനല്ലെന്നാണ് ഈ പറയുന്നതിന്റെ അർത്ഥം. ........(ബഹളം)........ അതാണ് പ്രതികരണത്തിൽ നിന്ന് വ്യക്തമാകുന്നത്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്? കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, അദ്ദേഹത്തിന്റെ രണ്ട് പ്രസ്താവനയും ഒരുമിച്ച് വായിച്ചോ?.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേന്ദ്ര ആഭ്യന്തര സഹമന്ത്രിയെക്കുറിച്ചാണ് അങ്ങ് പറയുന്നത്. ടി പി. ചന്ദ്രശേഖരൻ കേസ്സിൽ ആളുകളുടെ പേര് പറഞ്ഞുവെന്ന്. ഒരാളുടെ പേരും അദ്ദേഹം പറഞ്ഞതായി ഞങ്ങൾക്കറിയില്ല. ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര സഹമന്ത്രി അങ്ങനെ പേരുകൾ പറഞ്ഞിട്ടുണ്ടെങ്കിൽ ആ പേരുകളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആര് ഏത് പേര് പറഞ്ഞാലും ഇൻവെസ്റ്റിഗേഷൻ ടീമല്ലേ പ്രതിയെ തീരുമാനിക്കുന്നത്. അതേ ചെയ്യാൻ സാധിക്കൂ. അല്ലാതെ നമുക്കുള്ള ഇഷ്ടമുള്ള ആളുകളുടെ പേര് വെട്ടി എഴുതാൻ സാധിക്കുമോ? അങ്ങ് അഞ്ചുകൊല്ലം ആ സീറ്റിൽ ഇരുന്നതല്ലേ? അങ്ങേയ്ക്ക് ഇതെല്ലാം കൃത്യമായി അറിയുന്നതല്ലേ? ആരെങ്കിലും പേര് പറഞ്ഞാൽ ഉടനെ ആൾ മാറുമോ? അതിനെ ആൾമാറാട്ടം എന്നു പറയില്ലേ? അങ്ങനെ ആൾമാറാട്ട ക്രിമിനൽ കേസ് നടത്താമോ? കൊലപാതകം ചെയ്യുന്നത് ഒരാളും പ്രതിയായി വേറൊരാളും വരാമോ? സാധ്യമല്ല. അതുകൊണ്ട്

ഇതെല്ലാം ഇൻവെസ്റ്റിഗേഷൻ ടീമിന് വിടാം. അവർ അവരുടെ വഴിക്ക് പോട്ടെ. ഈ പറഞ്ഞത് ഗൗരവമാണെങ്കിൽ അത് ഇൻവെസ്റ്റിഗേഷൻ ടീം നോക്കിക്കോട്ടെ. ഞാനതിലേയ്ക്ക് കടക്കുന്നില്ല. ഈ പറഞ്ഞ രൂപത്തിൽ നൂറുശതമാനം രാഷ്ട്രീയം കലർത്തി; ഇവിടെയുണ്ടായ ചില സംഭവ ങ്ങളെക്കൂടി കൂട്ടിച്ചേർത്ത് രണ്ടും കൂടിച്ചേരുന്ന ഒരു ബ്ലണ്ടാണ് ശ്രീ. സി. ദിവാ കരൻ ഇവിടെ അവതരിപ്പിച്ച അടിയന്തര പ്രമേയം. ആ അടിയന്തര പ്രമേയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല. ഞാൻ ഒരു കാര്യം കൂടി പറയുകയാണ്. ചോദ്യോത്തരവേളയിൽ ഒരു കാര്യത്തെക്കുറിച്ച് ചോദി ച്ചപ്പോൾ ഞാൻ എന്റെ അഭിപ്രായം പറഞ്ഞു. വീണ്ടും ഒരിക്കൽ കൂടി ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെക്കുറിച്ച് പറഞ്ഞ് അദ്ദേഹമിവിടെ കൺക്ലൂഡ് ചെയ്യും.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ശ്രീ. റ്റി. വി. രാജേഷ് ഇതി നെക്കുറിച്ച് പറയാനുണ്ട്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഇന്നലെ രാത്രി നടന്ന സമരത്തെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെപ്പറഞ്ഞത് അങ്ങേയറ്റം തെറ്റി ദ്ധാരണ ഉളവാക്കുന്നതാണ്. മൂന്നൂറോളം വരുന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ആശാൻ സ്ക്വയറിൽ നിന്നും സെക്രട്ടേറിയറ്റിനു മുന്നിലെത്തി യപ്പോൾത്തന്നെ അവരുടെ നേരെ ഗ്രനേഡ് തുരുതുരാ വലിച്ചെറിയുകയാണ് ചെയ്തത്. ജലപീരങ്കി ഉപയോഗിച്ചു. ഉന്നത പോലീസുദ്യോഗസ്ഥന്മാരുമായി സംസാരിച്ച് പ്രകോപനം ഉണ്ടാക്കാൻ ശ്രമിച്ച പോലീസുകാരെ മുന്നിൽ നിന്നും മാറ്റണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതിനിടയിലാണ് എം.എൽ.എ. ആണെന്നു അറിഞ്ഞിട്ടും ചില പോലീസുകാർ എന്നെ ചവിട്ടിയത്. എന്റെ ഷർട്ട് വലിച്ചു കീറാൻ ശ്രമിച്ചു. ശ്രീ. ആർ. രാജേഷ് എം.എൽ.എ. യും

അവിടെയുണ്ടായിരുന്നു. എം.എൽ.എ.-മാർക്ക് സംരക്ഷണം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ പറഞ്ഞു. ഇതാണോ സ്ഥിതി? സമരത്തെ നേരിടാൻ വേണ്ടി അങ്ങയുടെ നിർദ്ദേശപ്രകാരം ചില ക്രിമിനലുകളായ പോലീസുകാരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ടോ? എം.എൽ.എ. ആണെന്ന് അറിഞ്ഞിട്ടും അക്രമിക്കുന്ന നിലയാണുണ്ടായത്. ഇത് സംബന്ധിച്ച് അന്വേഷിക്കണം. ശ്രീ. ആർ. രാജേഷ് എം.എൽ.എ. യ്ക്ക് എ.സി.പി. ജോളി ചെറിയാനിൽ നിന്നും മർദ്ദനമുണ്ടായ സാഹചര്യമുണ്ടായിട്ടുണ്ട്. രേഖാമൂലം പരാതി എഴുതി കൊടുത്തതാണ്. അന്ന് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. എന്നിട്ടും ഒരു നടപടിയും സ്വീകരിച്ചില്ല. ഇവിടെ എം.എൽ.എ.-മാർക്ക് പോലും രക്ഷയില്ലാത്ത സ്ഥിതിയാണുണ്ടായിരിക്കുന്നത്. പോലീസിനെ ഉപയോഗിച്ചുകൊണ്ട് സമരത്തെ നേരിടാമെന്നുള്ളത് വ്യാമോഹം മാത്രമാണ്. ഈ പോലീസുദ്യോഗസ്ഥനെതിരായി നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ പ്രശ്നം തുടർച്ചയായ പത്താം ദിവസമാണ് സഭ ചർച്ച ചെയ്യുന്നത്. ഞാൻ ഇന്നലെ പറഞ്ഞത് ശരിയല്ലെന്ന് തെളിഞ്ഞിരിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. കഴിഞ്ഞ ഒമ്പത് ദിവസവും ഞാൻ പറഞ്ഞ കാര്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ടാണ് ഈ പത്താം ദിവസവും മറുപടി പറയുന്നത്. ശ്രീധരൻ നായരെ കണ്ടിട്ടുണ്ടോ എന്ന ചോദ്യത്തിന്, രണ്ടു പ്രാവശ്യം കണ്ടിട്ടുണ്ടെന്ന് ഞാൻ ഇന്നലെ പറഞ്ഞു. ആ രണ്ട് പ്രാവശ്യവും, അദ്ദേഹം നേതൃത്വം കൊടുക്കുന്ന ക്വാറി ഉടമകളുടെ പ്രശ്നവുമായി ബന്ധപ്പെട്ടാണ്. രണ്ടുപ്രാവശ്യവും ........(ബഹളം)..........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചു തുടങ്ങിയതല്ലേയുള്ളൂ, പ്ലീസ്........... പ്ലീസ്...........ഒമ്പതര മണിക്ക് അടിയന്തര പ്രമേയ ചർച്ച തുടങ്ങിയതു മുതൽ നിങ്ങൾ മുഖ്യമന്ത്രിയെക്കുറിച്ചാണ് പറഞ്ഞത്. അദ്ദേഹത്തിന് മറുപടി പറയണ്ടേ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ രണ്ടു പ്രാവശ്യവും അദ്ദേഹം ക്വാറി അസോസിയേഷന്റെ അംഗങ്ങളുമായിട്ടാണ് വന്നത്. 09.07.2012–ൽ എനിക്ക് നിവേദനം നൽകാനും, രണ്ടാമത് 26.11.2012–ൽ ശ്രീ. അടൂർ പ്രകാശും ഞാനും കൂടി വിളിച്ച ചർച്ചയ്ക്ക് പങ്കെടുക്കാനുമാണ് വന്നത്. ഇതു കൂടാതെ വേറെ ചില സംഘടനകളുമുണ്ട്. ശ്രീ. മായിൻ ഹാജി പ്രസിഡന്റായിട്ടുള്ള ഒരു സംഘടന മലബാറിലുണ്ട്. അവരുടേയും നിവേദനം കിട്ടി. ബന്ധപ്പെട്ട മന്ത്രിമാരുമായി ചർച്ച ചെയ്ത്; അവരുടെ ആവശ്യങ്ങൾ വളരെ ന്യായമാണെന്ന് കണ്ട്; രണ്ടു പ്രാവശ്യം ഗവൺമെന്റ് കോൺഫറൻസ് വിളിക്കുകയും മൂന്ന് ജി.ഒ. ഇഷ്യൂ ചെയ്തിട്ടുമുണ്ട്. രണ്ട് ജി.ഒ. ഇൻഡസ്ട്രീസ് വകുപ്പിൽ നിന്നും ഒരു ജി.ഒ. റവന്യൂ വകുപ്പിൽ നിന്നും ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നെ കാണാൻ വന്ന സമയത്ത് ഈ അസോസിയേഷന്റെ ആൾക്കാർ കൂടിയാണ്.............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കാര്യങ്ങൾ വ്യക്തമാകാനാണ് അങ്ങയോട് ചോദിക്കുന്നത്. 2012 ജൂലൈ മാസം 9–ാം തീയതി ശ്രീധരൻ നായർ അങ്ങയെ വന്ന് കണ്ടുവെന്ന് ഇപ്പോൾ സമ്മതിച്ചു. ഇതുവരെ പറയാത്ത ഒരു കാര്യമാണ്. ശ്രീധരൻ നായർ അങ്ങയെ കണ്ട സന്ദർഭത്തിൽ സരിത ആ ഓഫീസിലുണ്ടായിരുന്നുവോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇല്ല. ഞാൻ പറയാം. അന്ന് അസംബ്ലി നടക്കുന്ന സമയമായതുകൊണ്ട് ഓഫീസിലെത്താൻ സാധിക്കുന്നത് വൈകുന്നേരമാണ്. അവിടെ ധാരാളം സന്ദർശകരുണ്ടാകും, എന്റെ മുറി നിറച്ച് സന്ദർശകരായിരുന്നു. കൂട്ടത്തിൽ വന്ന ആൾക്കാർ പറയുമ്പോഴാണ് ഞാൻ കൂടുതൽ കാര്യവും മനസ്സിലാക്കുന്നത്. ഈ അസോസിയേഷന്റെ ആൾക്കാർ വന്ന് അവരുടെ ആവശ്യവും നിവേദനവും....... അവർ പറഞ്ഞത് ഞങ്ങൾ ഇതിന്റെ വകുപ്പ് മന്ത്രിയായ റവന്യൂ വകുപ്പ് മന്ത്രിയെ കാണാനായാണ് വന്നതെന്നും അദ്ദേഹത്തെ കണ്ടപ്പോൾ പറഞ്ഞത് ഇതുമായി ബന്ധപ്പെട്ട് പല വകുപ്പുകളുണ്ടെന്നും........ ഇൻഡസ്ട്രീസ് വകുപ്പുണ്ട്, പരിസ്ഥിതി വകുപ്പുണ്ട് അങ്ങനെ പല വകുപ്പുകളുണ്ട്. അതുകൊണ്ട് മുഖ്യമന്ത്രിയെക്കൂടി കാണാൻ നിങ്ങൾ പോകണം. അതനുസരിച്ച് അവർ എന്നെ വന്നു കണ്ടു. റവന്യൂ വകുപ്പുമന്ത്രിക്ക് കൊടുത്ത മെമ്മോറാണ്ടത്തിന്റെ കോപ്പിയാണ് എനിക്ക് തന്നത്. അതിന് അവർ കാരണമായി പറഞ്ഞത്, ഞങ്ങൾ മുഖ്യമന്ത്രിയെ കാണാൻ ഉദ്ദേശിച്ചല്ല വന്നത്. അവിടെ വന്നപ്പോൾ പറഞ്ഞതനുസരിച്ച് വന്നതാണെന്ന് പറഞ്ഞ് അവർ കോപ്പിയും നൽകി. ഒമ്പതാം തീയതി ശ്രീധരൻ നായർ എന്നെ വന്ന് കണ്ടിരുന്നുവെന്ന് ഇന്നലെ തന്നെ ഞാൻ വ്യക്തമായി പറഞ്ഞിരുന്നു. രേഖ പരിശോധിച്ചാൽ അറിയാം. ഇവിടെ 164 സ്റ്റേറ്റ്മെന്റിനെക്കുറിച്ച് പറഞ്ഞു. ഞാൻ............

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇന്നലെ അങ്ങ് പറഞ്ഞതിനെ ഞാൻ വ്യത്യസ്തമായാണ് കേട്ടത്. അങ്ങ് പറഞ്ഞതുപോലെ രേഖ പരിശോധിച്ച് എന്താണ് പറഞ്ഞതെന്ന് കൃത്യമായി നോക്കാം. ഇങ്ങനെ തർക്കമു

ണ്ടായ സ്ഥിതിക്ക് 2012 ജൂലൈ 9-ാം തീയതിയിലെ അങ്ങയുടെ ഓഫീസിലെ സി.സി.ടി.വി. ദൃശ്യങ്ങൾ പബ്ലിക് ആക്കാൻ തയ്യാറുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എന്റെ ഓഫീസിൽ നിന്ന് ഒരു പത്രക്കുറിപ്പ് ഇറങ്ങിയിട്ടുണ്ട്, അത് കണ്ടിട്ടാണ് പലരും ഇത് പറയുന്നത്. ജൂൺ 23-ാം തീയതി സരിത ഓഫീസിൽ വന്ന് എന്നെ കണ്ടു. അതുകൊണ്ട് ആ സി.സി.ടി.വി. ദൃശ്യങ്ങൾ പരസ്യപ്പെടുത്തണമെന്ന് ബി.ജെ.പി. നേതാവ് ശ്രീ. കെ. സുരേന്ദ്രൻ എന്നെ വെല്ലുവിളിച്ചു. അന്ന് ഞാൻ ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തു. 23-ാം തീയതി ഞാൻ സ്ഥലത്തില്ല, അന്ന് 6 മണിക്കുള്ള ഫ്ളൈറ്റിൽ എറണാകുളത്തു പോയി, അവിടത്തെയും കോട്ടയത്തുമുള്ള പരിപാടികളെല്ലാം കഴിഞ്ഞ് കൊട്ടാരക്കര വഴി രാത്രി പതിനൊന്നരയ്ക്കാണ് ഇവിടെയെത്തിയത് എന്ന ഒരു പത്രക്കുറിപ്പ് കൊടുത്ത കൂട്ടത്തിൽ ഞാൻ പറഞ്ഞത്, എന്റെ ഓഫീസിലെ വെബ് ക്യാമറ ലൈവാണ്. അതിൽ റിക്കോർഡിംഗ് ഇല്ല. ഇത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങനെയാണെങ്കിൽ ഇപ്പറയുന്ന സമയത്ത് സരിതയുടെ മൊബൈൽ ഫോൺ ഏത് ടവറിലാ യിരുന്നു; സെക്രട്ടേറിയറ്റ് ടവറിലായിരുന്നോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തയ്യാറുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എന്റെ മുറിയിൽ വരികയോ എന്നെ കാണു കയോ ചെയ്തിട്ടില്ല എന്ന് മാത്രമല്ല, ഞാൻ അദ്ദേഹത്തോടൊപ്പം വന്ന ആളു കളോട് ചോദിച്ചു. നിങ്ങൾ കണ്ടിട്ടുണ്ടോ, നിങ്ങളുടെ കൂടെ ഉണ്ടായിരുന്നോ.................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങയുടെ പി.എ. ആയിരുന്ന ജോപ്പൻ പോലീസിനു കൊടുത്തിരുന്ന മൊഴിയിൽ ഈ ദിവസം സരിത അവിടെ വന്നിട്ടുണ്ടെന്ന് സമ്മതിച്ചിട്ടുണ്ടല്ലോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഈ സഭയിൽ പറയുന്നത്, അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വത്തോടെയും മന:സാക്ഷി അനുസരിച്ചുമാണ്. അവിടെ വന്നിട്ടില്ല, കണ്ടിട്ടില്ല. ഈ സ്റ്റേറ്റ്മെന്റിന്റെ പേരിൽ എന്നെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്നവരോട് എനിക്ക് ഒന്നേ പറയാനുള്ളൂ. എനിക്ക് സാധാരണ ഒരു ഇന്ത്യൻ പൗരന്റെ പരിരക്ഷ മതിയെന്ന് ഞാൻ ഇന്നലെ പറഞ്ഞതാണ്. ശ്രീധരൻ നായർക്കുവേണ്ടി അഡ്വക്കേറ്റ് സി. എസ്. മണിലാൽ, മാർച്ച് മൂന്നാം തീയതി Pre-reference notice of arbitration അയച്ചിട്ടുണ്ട്. അതിന്റെ ഡീറ്റെയിൽസ് നിയമ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ഇവിടെ പറയും. ഈ നോട്ടീസിലെ മുഴുവൻ കാര്യങ്ങളും, നിയമപരമായ നിലനിൽപ്പും പറയും. ഈ നോട്ടീസിൽ ഒരിടത്തും എന്നെക്കുറിച്ചുള്ള കാര്യങ്ങളൊന്നും പറയുന്നില്ലെന്ന് മാത്രമല്ല അദ്ദേഹം എന്നെ വന്നുകണ്ടുവെന്ന് പറയുന്നതിന് മുമ്പുതന്നെ ഈ എം.ഒ.യു സൈൻ ചെയ്ത് ഇടപാട് ക്ലോസ് ചെയ്യുകയും ചെയ്തു. ഇതിനുവേണ്ടി നാൽപ്പത് ലക്ഷം രൂപയുടെ ചെക്ക് കൊടുത്തുവെന്നുള്ളതിന്റെ Pre-reference notice of arbitration സംബന്ധിച്ച് ശ്രീ. കെ. എം. മാണി സാർ വിശദീകരിക്കുന്നതുകൊണ്ട് ഞാൻ പറയുന്നില്ല. നിങ്ങൾ എന്നെ കുറ്റപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നത് എനിക്ക് മുഖ്യമന്ത്രിയെന്ന പരിരക്ഷ വേണ്ട, എം.എൽ.എ. എന്ന പരിരക്ഷപോലും വേണ്ട. ഒരു സാധാരണ പൗരന് കൊടുക്കാവുന്ന പരിരക്ഷ വേണമെന്ന് പറയുമ്പോൾ ശബ്ദം ഉണ്ടാക്കുന്നത് ശരിയാണോയെന്ന്

നിങ്ങൾ തന്നെ ആലോചിച്ചുനോക്കൂ. ഇവിടെ ശ്രീധരൻ നായർ കോടതിയിൽ വക്കീൽ തയ്യാറാക്കിയ ഒരു പെറ്റീഷൻ കൊടുത്തു. പോലീസിൽ പറയാൻ പേടിയാണെന്ന് വേണമെങ്കിൽ പറഞ്ഞ് ഒഴിഞ്ഞേക്കാമെന്നായിരിക്കും. പക്ഷേ, അദ്ദേഹത്തിന്റെ വക്കീൽ എഴുതി തയ്യാറാക്കി കോടതിയിൽ കൊടുത്ത ഒരു പെറ്റീഷൻ, അതിന്റെ കോപ്പി ഇവിടെയുണ്ട്. അതിനകത്ത് പറഞ്ഞിരിക്കുന്നത് എന്താണ്? ഒരു മുഖ്യമന്ത്രിയെ ക്രിമിനൽ കേസ്സിൽ പ്രതിയാക്കണമെന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ, അതിന്റെ മെയിൻ ബോഡിയിൽ പോലും മുഖ്യമന്ത്രിയെന്ന് പറഞ്ഞിട്ടില്ല. അവിടെ എഴുതിച്ചേർത്തു. പ്രധാനപ്പെട്ട ഒരു സ്ഥാനത്തിരിക്കുന്ന ആളെ ക്രിമിനൽ കേസ്സിൽ പ്രതിയാക്കാൻ, ഒന്നോ-രണ്ടോ പേജുള്ള ഒരു പെറ്റീഷനിൽ എങ്ങനെയെങ്കിലും വിട്ടുപോയാൽ രണ്ടാമത് എഴുതുകയല്ലേ സാധാരണ ചെയ്യുന്നത്, അത് ചെയ്തില്ല. 'മുഖ്യമന്ത്രി' എന്നെഴുതി വാചക ഘടനതെറ്റി. അവിടെ ഇനീഷ്യൽ ചെയ്യുക പോലും ചെയ്തില്ല. കോടതി അത് അക്സെപ്റ്റ് ചെയ്തിട്ടുണ്ട്. സ്വതന്ത്രമായി അഡ്വക്കേറ്റ് എഴുതിക്കൊടുത്ത ഒരു പെറ്റീഷനിൽ നിന്ന് ഈ കക്ഷിക്ക് എത്ര മാത്രം പോകാൻ പറ്റുമെന്നുള്ള കാര്യത്തെ സംബന്ധിച്ച് നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ. നിങ്ങളോട് ഞാൻ ചോദിക്കുകയാണ്. ഈ പെറ്റീഷൻ, സ്വമനസ്സാലെ കോടതിയിൽ വക്കീൽ വഴി കൊടുത്ത ഒരു പെറ്റീഷൻ, അതിനകത്ത് ഞാൻ പറഞ്ഞ കാര്യങ്ങളൊക്കെ വേറെ കാര്യം. അത് ഞാൻ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് ചോദിക്കുകയാണ്, അതിൽ നിന്ന് എത്രമാത്രം ഈ കക്ഷിക്ക് മാറാൻ പറ്റും. ഒറിജിനൽ പെറ്റീഷൻ, പ്രേരണയൊന്നുമില്ലാതെ കൊടുത്തിട്ടുള്ളതാണ്. അതിൽ നിന്നും കടകവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ പറഞ്ഞാൽ അതിന്റെ പേരിൽ എന്നെ കുറ്റപ്പെടുത്തുന്നത് ശരിയാണോ?

രാഷ്ട്രീയമായി എന്നെ കുറ്റപ്പെടുത്തിക്കൊള്ളൂ. നിങ്ങളുടെ മന:സാക്ഷിയോട് ഞാൻ ചോദിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇവിടെ വളരെ പ്രധാനപ്പെട്ട കാര്യം പറഞ്ഞു. കോടതിയിൽ കൊടുത്തിട്ടുള്ള സ്റ്റേറ്റ്മെന്റിൽ വന്ന പ്രശ്നം, അത് ഒറിജിനൽ പെറ്റീഷനിലുണ്ടെന്ന് കോടതി തന്നെ പരിശോധിച്ചുകൊണ്ട് പറഞ്ഞല്ലോ. അതിന്റെയടിസ്ഥാനത്തിലാണ് 164 സ്റ്റേറ്റ്മെന്റ് കൊടുക്കാൻ കോടതി നിർദ്ദേശിച്ചത്. ഇപ്പോൾ 164 സ്റ്റേറ്റ്മെന്റ് കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് എനിക്കൊരു ഭാരത പൗരന്റെ അവകാശം മാത്രമേ വേണ്ടൂവെന്നാണ്. അങ്ങനെ ഏതെങ്കിലും 164 സ്റ്റേറ്റ്മെന്റ് പ്രകാരം ഒരു ഭാരത പൗരന് എതിരായി ഇങ്ങനെയൊരു പരാതി വന്നാൽ അയാളെ പോലീസ് പ്രതിചേർത്തുകൊണ്ട് സ്റ്റേറ്റ്മെന്റ് കോടതിയിൽ കൊടുക്കില്ലേ. അങ്ങനെയാണല്ലോ ഭാരത പൗരനായിട്ടുള്ള ജോപ്പനെ ഇതിന്റെ അടിസ്ഥാനത്തിലല്ലേ പ്രതി ചേർത്ത് കോടതിയിൽ സ്റ്റേറ്റ്മെന്റ് കൊടുത്ത് ജയിലിൽ അടച്ചിരിക്കുന്നത്. ആ ജോപ്പനുള്ള അവകാശംതന്നെ അങ്ങ് ഉപയോഗിക്കുകയാണെങ്കിൽ അങ്ങയുടെ പേലീസിന് അങ്ങയെ പ്രതി ചേർക്കേണ്ടി വരില്ലേ; അങ്ങയെ ചോദ്യം ചെയ്യേണ്ടി വരില്ലേ; അങ്ങ് ആ സ്ഥാനത്തിരുന്നുകൊണ്ട് അങ്ങയെ ചോദ്യം ചെയ്യാൻ ധൈര്യമുള്ള ഏതെങ്കിലും ഒരാൾ കേരളാ പോലീസിലുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ആഭ്യന്തര വകുപ്പുമന്ത്രിയായി അഞ്ചുകൊല്ലം ഇരുന്നതിനു ശേഷമാണ് ഇങ്ങനെയൊരു ചോദ്യം ചോദിക്കുന്നത്. 164 സ്റ്റേറ്റ്മെന്റിന്റെ correlated –ആയിട്ടുള്ള സാഹചര്യങ്ങൾ കൂടി പരിശോധിച്ചിട്ടാണ് ........ ഒറി

ജിനൽ പെറ്റീഷനിൽ കൊടുത്തതിൽ നിന്ന് എത്രമാത്രം ഒരു കക്ഷിക്ക് വ്യതിചലിക്കാൻ പറ്റും. അപ്പാടെ മാറ്റികൊണ്ട് കൊടുക്കുന്നത് ശരിയാണോ? കോടതിയിൽ കൊടുത്ത പെറ്റീഷനെ സംബന്ധിച്ച് ഞാൻ ഇന്നലെ പറഞ്ഞല്ലോ. പോലീസിൽ കൊടുത്ത 161 സ്റ്റേറ്റ്മെന്റ്... ഇദ്ദേഹം മുഖ്യമന്ത്രിയെ കുറ്റപ്പെടുത്തിയിരിക്കുന്നുവെന്ന് ചില ചാനലുകൾ പറഞ്ഞപ്പോൾ ഞാനങ്ങനെ കുറ്റപ്പെടുത്തിയിട്ടില്ലായെന്ന് പറഞ്ഞ് അദ്ദേഹം സ്റ്റേറ്റ്മെന്റിറക്കി. സ്റ്റേറ്റ്മെന്റിറക്കിയ ആൾ പിന്നീട് പറഞ്ഞു ഞാൻ ഇറക്കിയിട്ടില്ലായെന്ന്. ഇന്നലെ അദ്ദേഹം മൂന്നാമതും പറഞ്ഞത്, ഞാൻ പറഞ്ഞിട്ട് എന്റെ മകൻ ഇറക്കിയതാണെന്ന്. എന്താണ് സ്ഥിതി? അദ്ദേഹം ആദ്യം നിഷേധിച്ച് പത്രക്കുറിപ്പ് കൊടുത്തു. പിന്നീടുപറഞ്ഞു ഞാൻ കൊടുത്തിട്ടില്ലായെന്ന്. അതിനെക്കുറിച്ച് അന്വേഷണം വേണമെന്ന് ഞാൻ പറഞ്ഞു. കാരണം, ആ സ്റ്റേറ്റ്മെന്റിന്റെ ബെനിഫിഷ്യറി ഞാനാണ്. ആ സ്റ്റേറ്റ്മെന്റ് തെറ്റാണെന്ന് പറഞ്ഞാൽ ബെനിഫിഷ്യറിയെയാണ് ആദ്യമായി എല്ലാവരും സംശയിക്കുന്നത്. നിങ്ങളും സംശയിച്ചത് അങ്ങനെയല്ലേ. സ്വാധീനിച്ച് തെറ്റായ വാർത്തയുണ്ടാക്കിയെന്നല്ലേ നിങ്ങളും ഇവിടെ ചിത്രീകരിച്ചത്. അതുകൊണ്ട് അന്വേഷിക്കണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു അന്വേഷിക്കണമെന്നും എന്റെ സമ്മതത്തോടുകൂടി മകൻ ഇറക്കിയതാണെന്നും പറഞ്ഞു. ഇതിന്റെയെല്ലാ വശങ്ങളും നോക്കട്ടെ, പരിശോധിക്കട്ടെ. പക്ഷേ, രാഷ്ട്രീയമായി നിങ്ങൾക്ക് ഏത് നിലപാടും എടുക്കാം. പക്ഷേ, നിങ്ങളുടെ മന:സാക്ഷിയോട് ചോദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ കാര്യത്തിൽ സ്റ്റേറ്റ്മെന്റുകളെല്ലാം നോക്കിയിട്ട് നിങ്ങൾ..... മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും തമ്മിൽ എന്തോ അഭിപ്രായ വ്യത്യാസവും അകൽച്ചയുമുണ്ടെന്ന് പറഞ്ഞുകൊണ്ട് പ്രചരണം നടത്താൻ

ശ്രമിക്കുന്നുണ്ട്. ഞാൻ നിങ്ങളോട് പറയാം, അങ്ങനെയൊന്നും മന:പായസം ആരും ഉണ്ണണ്ട. കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയാണ് ഞങ്ങളുടേത്. യു.ഡി.എഫ്.-ഉം കോൺഗ്രസ്സുമെല്ലാം ഒറ്റക്കെട്ടായിട്ട് തന്നെ മുന്നോട്ട് നീങ്ങും.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വളരെ സ്വാ ഗതാർഹമായ പ്രസ്താവന ഇവിടെ നടത്തി. മുഖ്യമന്ത്രിയെന്ന നിലയിലുള്ള പരിരക്ഷ എനിക്കുവേണ്ട, സാധാരണ പൗരന്റെ പരിരക്ഷ മതി. അങ്ങ് രാജി സമർപ്പിച്ചതായി പരിഗണിച്ചുകൊണ്ട് സാധാരണ പൗരനായി ഒരന്വേഷ ണത്തെ നേരിടാമെന്നാണോ അങ്ങ് പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. സി. ദിവാകരൻ, അങ്ങ് രാഷ്ട്രീയ ധാർമ്മികതയെക്കുറിച്ച് പറഞ്ഞു. രാഷ്ട്രീയ ധാർമ്മികതയ്ക്കുവേണ്ടി അങ്ങ് ഉദാഹരണമെടുത്ത് കാണിച്ചത് മുഴുവനും കോൺഗ്രസ് മന്ത്രിമാരുടെ കാര്യമാണ്. 1957-ലെ മന്ത്രി സഭയിൽ ജസ്റ്റിസ് പി.റ്റി. രാമൻ നായരുടെ റിപ്പോർട്ട് വന്നിട്ടുപോലും രാജിവയ്ക്കാത്ത മന്ത്രിയെക്കുറിച്ച് നിങ്ങൾ പറ ഞ്ഞില്ല. റ്റി. വി. തോമസും എം.എൻ. ഗോവിന്ദൻ നായരും ഞങ്ങൾക്ക് വളരെ ബഹുമാനമുള്ള, കേരളം ബഹുമാനിക്കുന്ന രണ്ട് നേതാക്കളാണ്. അവരെ ഞങ്ങളാരും അപമാനിച്ചിട്ടില്ല, ഞങ്ങളാരും അഴിമതിക്കാരാണെന്ന് പറ ഞ്ഞിട്ടില്ല. മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് ഇറങ്ങി വന്നപ്പോൾ അവരെ രണ്ട് കയ്യും നീട്ടി സ്വീകരിച്ചത് കെ. കരുണാകരനും കോൺഗ്രസ്സുമാണെന്ന കാര്യം മറക്കരുത്. രാഷ്ട്രീയ ധാർമ്മികതയെക്കുറിച്ച് നിങ്ങളിൽ നിന്ന് പഠിക്കേണ്ട ഗതികേട് ഞങ്ങൾക്കില്ല. ശ്രീ. സി. ദിവാകരൻ, ഒന്ന് ഞാൻ പറയാം.

രാഷ്ട്രീയ ഗൂഢാലോചനയുടെ മുമ്പിൽ മുട്ടുമടക്കാൻ ഉദ്ദേശിക്കുന്നില്ല. അതാണ് യു.ഡി.എഫ്.ന്റെ തീരുമാനം.

ശ്രീ. സി. ദിവാകരൻ: സർ, പ്രതിപക്ഷത്തെ വെല്ലുവിളിക്കരുത്. പ്രതിപക്ഷത്തെയും നിയമസഭയെയും വെല്ലുവിളിക്കരുതെന്ന് ബഹുമാനത്തോടെ പറയുകയാണ്. പറഞ്ഞുപറഞ്ഞ് എന്തും പറയാമെന്ന് ..........എത്രപേരാണ് പറയുന്നത്. അദ്ദേഹവും കൂടി സംസാരിക്കുകയാണെങ്കിൽ സഭ നിർത്തിവച്ച് ചർച്ചചെയ്യാം. ഞങ്ങൾക്ക് എല്ലാവർക്കും പറയേണ്ടി വരും. അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് ആഭ്യന്തര മന്ത്രിക്കും മുഖ്യമന്ത്രിക്കുമല്ലാതെ നിയമമന്ത്രിക്ക് ഇതിനകത്ത് ഒരു കാര്യവുമില്ല.

മി. സ്പീക്കർ: അങ്ങ് പറഞ്ഞതിനെ സംബന്ധിച്ചല്ല. അദ്ദേഹം ഒരു സി.ഡി.യുമായി ബന്ധപ്പെട്ട് ഇവിടെ പ്ലേസ് ചെയ്യണമെന്ന് പറഞ്ഞു. സ്വാഭാവികമായും മുഖ്യമന്ത്രി പറഞ്ഞു അതുമായി ബന്ധപ്പെട്ട് നിയമ വകുപ്പുമന്ത്രിക്ക് സഭയിൽ പറയാനുണ്ടാകും. അങ്ങയുടെ അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ടല്ല അദ്ദേഹം സംസാരിക്കുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, ഇവിടെ പ്രതിപക്ഷം ഒരു കെട്ടുകഥപോലെ ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്ന് വരുത്തി ഒരു കള്ളക്കഥയുണ്ടാക്കി. .......(ബഹളം)..... I will establish that. മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷമാണ് ശ്രീധരൻനായരുടെ ടീം സോളാർ ഇടപാട് നടന്നതെന്ന വിധത്തിലാണ്. . (ബഹളം). . .ഞാനൊന്ന് പറയട്ടെ......... ഇവിടെ പ്രതിപക്ഷം ശ്രമിക്കുന്ന ഒരു കാര്യം മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷമാണ് . . (ബഹളം). . .

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട കാര്യമല്ലല്ലോ പറയുന്നത്.

മി. സ്പീക്കർ : അദ്ദേഹം നിയമവകുപ്പുമന്ത്രിയാണ്. പ്ലീസ് .. . .പ്ലീസ്. നിയമം എല്ലാവർക്കും ഒരുപോലെയാണ്. പക്ഷേ സഭയിൽ നിയമവകുപ്പുമന്ത്രി ഒന്നേയുള്ളൂ.

ശ്രീ. കെ.എം. മാണി: സോളാർ കേസ്സുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ പറയുന്നത്. ...(ബഹളം).......

മി. സ്പീക്കർ: അത് ശരിയല്ല. നോ. . .നോ.. . .അടിയന്തര പ്രമേയത്തിന്റെ ചർച്ചയ്ക്കിടയിൽ സോളാർ വിഷയവുമായി ബന്ധപ്പെടുത്തി ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഒരു കത്ത് സഹിതം എനിക്കൊരു സി.ഡി. സമർപ്പിച്ചു. ആ സി.ഡി. എന്താണെന്ന് ഞാൻ കണ്ടില്ല. പക്ഷേ, ഒരു മെമ്പർ ആവശ്യപ്പെട്ടാൽ അത് ചെയ്യണമെന്നതുകൊണ്ട് ഞാൻ അപ്പോൾത്തന്നെ പെർമിറ്റഡ് എന്നെഴുതി തീയതിയുമിട്ട് കൊടുത്തു. സ്വാഭാവികമായും അതിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. നിങ്ങൾ കാര്യമറിയാതെ ബഹളം ഉണ്ടാക്കേണ്ട. അദ്ദേഹം പറയട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അടിയന്തര പ്രമേയം കഴിഞ്ഞിട്ടാണ് അത് എടുക്കേണ്ടത്.

മി. സ്പീക്കർ : അടിയന്തര പ്രമേയം കഴിഞ്ഞല്ലോ. യെസ്. . യെസ് പ്ലീസ് അത് ശരിയല്ല. അങ്ങ് സംസാരിക്കൂ. കേൾക്കുന്നവർ കേൾക്കും. (ബഹളം) പ്ലീസ്. . .പ്ലീസ്. . . അതല്ല. രണ്ട് നയം പറ്റില്ല. അടിയന്തര പ്രമേയം തീരുന്നതിന് മുമ്പുതന്നെയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ തന്നത്. അതുകൂടി നിങ്ങൾ ആലോചിക്കണം.

ശ്രീ. സി. ദിവാകരൻ: അടിയന്തര പ്രമേയത്തിന്റെ നടപടിക്രമം കഴിഞ്ഞിട്ടില്ല.

മി. സ്പീക്കർ: ഞാൻ ഒന്നും ക്രമം വിട്ട് ചെയ്തിട്ടില്ല. അടിയന്തര പ്രമേയ ചർച്ചയ്ക്കിടയിലാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ എന്റെ കയ്യിൽ തന്നത്. അപ്പോൾ അതിനിടയിൽ ഇതുമാകാം. യെസ്.... യെസ് ...... അങ്ങ് സംസാരിക്കൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ശരിയല്ല.

മി. സ്പീക്കർ: ശരിയല്ലെങ്കിൽ നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നോളൂ. അങ്ങ് സംസാരിക്കൂ.

ശ്രീ. കെ.എം. മാണി: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ അടിസ്ഥാനരഹിതമാണ്. ആ സി.ഡി. അടിസ്ഥാന രഹിതമാണെന്ന് തെളിയിക്കുന്ന കാര്യമാണ് ഞാനിവിടെ പറയുന്നത്. ഇവിടെ അവർ ശ്രമിച്ച കാര്യം, മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷമാണ് ശ്രീധരൻനായർ ടീം സോളാർ ഇടപാട് ........ (ബഹളം)........

മി. സ്പീക്കർ: ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ, അവർ ശബ്ദം നിർത്തുകയില്ല. അങ്ങ് സംസാരിക്കൂ. അവർ സംസാരിച്ചു കൊണ്ടിരിക്കുകയാണ്. ശ്രീ. ബാബു എം. പാലിശ്ശേരിയോട് പറഞ്ഞു. കാര്യം മനസ്സിലായി. പക്ഷേ ബഹളം ഉണ്ടാക്കുകയാണ്. പ്ലീസ്.

ശ്രീ. കെ. എം. മാണി: മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷമാണ് ടീം സോളാർ ഇടപാട് നടന്നതെന്ന ഒരു ധാരണ വരുത്തിവയ്ക്കുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പക്ഷേ അത് തെറ്റാണ്. മുഖ്യമന്ത്രിയെ ശ്രീധരൻ നായർ കാണുന്നത് 09.07.2012- ലാണ്.

അതിനുമുമ്പ് 25.06.2012–ൽ തന്നെ എം.ഒ.യു. സൈൻ ചെയ്യുകയും 40 ലക്ഷം രൂപ കെട്ടിവയ്ക്കുകയും ചെയ്തിരുന്നു. ഞാൻ അത് വായിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, ശ്രീധരൻനായരുടെ ഇന്റർവ്യൂവുമായി ബന്ധപ്പെട്ട് ഇന്നലെ ഒരു ചാനലിൽ വന്ന കാര്യമാണ് അദ്ദേഹം പറഞ്ഞത്. അതിന്റേതാണ് സി.ഡിയും.

ശ്രീ. കെ.എം. മാണി: അഡ്വ. മണിലാൽ അയച്ച Pre Reference Notice of Arbitration- ൽ പറഞ്ഞിരിക്കുന്നത് Whereas my client had entered into a Memorandum of Understanding with your Company on 25.06.2012 in respect of setting up and installation of 3 MW Solar based power project in the State based on the discussion which both parties had on 22-06-2012. .... .... .... As per the stipulation my client had already paid to you Rs. 40,00,000/- at the time of the MOU vide cheques Nos. 1222, 1223 and 1224 of IDBI Bank, Pathanamthitta dated 30-06-2012 for Rs.15,00,000/-, Rs. 10,00,000/- and Rs. 15,00,000 respectively. ഇത് ഈ വക്കീൽ നോട്ടീസിൽ പറയുന്ന കാര്യമാണ്. അപ്പോൾ മുഖ്യമന്ത്രിയെ കാണുന്നതിനുമുമ്പുതന്നെ എല്ലാ ഇടപാടുകളും നടന്നു. മുഖ്യമന്ത്രിക്ക് ഇതുമായി എന്ത് ബന്ധമാണുള്ളത്? ഒരു ബന്ധവുമില്ലാത്ത ഒരു കാര്യം ഇങ്ങനെ കൊണ്ടുവരുന്നതിന് പ്രതിപക്ഷത്തിന് ഒരു Bonafide വേണ്ടേ? ഒരു Bonafide - മില്ലാതെ പ്രതിപക്ഷമിങ്ങനെ പറയുന്നത് നിർഭാഗ്യകരമാണ്.

മി. സ്പീക്കർ: ആഭ്യന്തരമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു. ......(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മി. സ്പീക്കർ: ഇല്ല. അത് തീർന്നു. അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചുകഴിഞ്ഞു. .......(ബഹളം).....നോ...നോ.... ഇനി ചർച്ചയില്ല. അടുത്ത വിഷയത്തിലേയ്ക്ക് കടക്കും. അത് ശരിയല്ല. ...(ബഹളം).... ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അത് ശരിയാകുകയില്ലല്ലോ? അതെങ്ങനെയാണ് ശരിയാകുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ അവസരം കൊടുക്കണ്ടേ?

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കുന്നില്ലേയെന്ന് ഞാൻ ചോദിച്ചു. ....പ്ലീസ്... പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോഴെങ്കിലും അതാത് സീറ്റിലിരിക്കുന്നതല്ലേ അതിന്റെ ഒരു ഭംഗി.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അടിയന്തര പ്രമേയം അവതരിപ്പിച്ച സഖാവ് സി. ദിവാകരൻ പറഞ്ഞ കാര്യങ്ങൾക്ക് മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും നൽകിയ മറുപടി അത്യന്തം ലജ്ജാകരമാണ്. ഞാൻ ആ ദൃശ്യം ടി.വി. യിൽ കണ്ടു. ഒരു പാവം പെൺകുട്ടിയെ മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ നിന്നുവന്ന ഒരു കോൺഗ്രസ്സ് നേതാവ്, കോൺഗ്രസ്സിന്റെ പതാക തലയിലൊരു വട്ടക്കെട്ടുപോലെ കെട്ടി നോക്കിയാൽ ഒരു ഗുണ്ടയെപ്പോലെ തോന്നുന്ന ഒരുത്തനാണ് പെൺകുട്ടിയുടെ തലയിലും ശരീരത്താകെയും പൊതിരെ തല്ലുന്നത്.

എനിക്കതിൽ അത്ഭുതമില്ല. ഈ മുഖ്യമന്ത്രിയുടെയും ആഭ്യന്തര വകുപ്പുമന്ത്രിയുടെയും കീഴിലുള്ള ഭരണത്തിൽ ഇതൊക്കെ നടക്കും. അങ്ങും ഈ ദൃശ്യങ്ങൾ ടി.വി. യിൽ കണ്ടതല്ലേ? കേരളത്തിലെ ജനങ്ങൾ ഒന്നടങ്കം അപമാനകരമായ ഈ കാഴ്ച കണ്ടതല്ലേ? സ്ത്രീകളെയും പെൺകുട്ടികളെയും ബഹുമാനിക്കുന്നവരല്ലേ കേരളത്തിലും ഭാരതത്തിലുമുള്ളത്; എന്തിനായിരുന്നു ഈ പാവം പെൺകുട്ടിയെ ഇങ്ങനെ തല്ലി അവശയാക്കിയത്? ഇതുമാത്രമാണോ? കേരളത്തിലെ ജനങ്ങളെയാകെ ഞെട്ടിക്കുകയും രോക്ഷം കൊള്ളിക്കുകയും ചെയ്ത ഒരു വെളിപ്പെടുത്തലല്ലേ ഇന്നലെ ശ്രീധരൻ നായർ നടത്തിയത്. ശ്രീധരൻനായർ മുഖ്യമന്ത്രിയുടെ കൂട്ടുകാരി സരിതാ നായരുമായി മുഖ്യമന്ത്രിയുടെ ഓഫീസിൽ ചെന്നപ്പോൾ മുഖ്യമന്ത്രി സീറ്റിൽ നിന്ന് വിനയാന്വിതനായി എഴുന്നേറ്റുച്ചെന്ന് വാത്സല്യാതിരേകത്തോടുകൂടി അദ്ദേഹം സരിതയെ സ്വീകരിച്ച് ഇരുത്തി. അതിനേക്കാൾ സന്തോഷത്തോടെയല്ലേ സരിതയിൽ നിന്ന് 2 ലക്ഷം രൂപയുടെ ഡി.ഡി. മുഖ്യമന്ത്രി ഏറ്റുവാങ്ങിയത്. ഇക്കാര്യം ഇന്നലെ സഭയിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞത്, അദ്ദേഹം കരിങ്കൽ ക്വാറി അസോസിയേഷന്റെ നേതാക്കളെയാണ് കണ്ടതെന്നാണ്. ആവർത്തിച്ച് ഇക്കാര്യം ഡോ. ടി.എം. തോമസ് ഐസക് ചോദിച്ചപ്പോൾ ശ്രീധരൻ നായരെ മറ്റൊരു കാര്യത്തിനും കണ്ടിട്ടില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഇത് പച്ചക്കള്ളമല്ലേ? ഇങ്ങനെ സഭയോടും ജനങ്ങളോടും നട്ടാൽ കുരുക്കാത്ത നുണ അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു മുഖ്യമന്ത്രി ഈ നാടിനാകെ അപമാനകരമല്ലേ? ഇന്ന് പത്തനംതിട്ട കോടതിയിൽ നിന്ന് ശ്രീധരൻനായർ 164 വകുപ്പ് അനുസരിച്ച് നൽകിയ

മൊഴിയും പുറത്ത് വന്നിരിക്കുകയല്ലേ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ് മുഖ്യമന്ത്രിക്ക് എതിരെ കേസ് എടുക്കണ്ടേ. ഡി.ജി.പി. വന്നു മുഖ്യ മന്ത്രിയുടെ കൈക്ക് പിടിച്ച് അറസ്റ്റ് എന്ന് പറയണമോ സർ. ഞാൻ ചോദിക്കു കയാണ്, ബഹുമാനപ്പെട്ട സ്പീക്കർ സാർ, അങ്ങേയ്ക്ക് അത്തരം ഒരു നാണ ക്കേടിനുകൂടി അവസരം ഉണ്ടാക്കുന്നത് ശരിയാണോ എന്ന് ഞാൻ ചോദിക്കു കയാണ്. ഒരു നിലയിലും മുഖ്യമന്ത്രിക്ക് രക്ഷപ്പെടാൻ കഴിയില്ലെന്ന് വന്ന പ്പോൾ അദ്ദേഹം സഹമന്ത്രിമാരെ വിളിച്ചുകൂട്ടി അവരെക്കൊണ്ടുകൂടി പറയി പ്പിക്കുകയാണ്. ചിന്താവിഷ്ടയായ ശ്യാമള എന്ന സിനിമയിൽ ശ്രീനിവാസൻ മക്കളെക്കൊണ്ട് പറയിപ്പിക്കുന്നതുപോലെ 'അയ്യോ അച്ഛാ പോകല്ലേ, അയ്യോ അച്ഛാ പോകല്ലേ.' ആ സിനിമയല്ലേ സാർ നമ്മൾ കണ്ടിട്ടുള്ളത്. ഇത് സഭയാണ്, ഈ സഭയ്ക്ക് അപമാനകരമല്ലേ ഇത്.

<u>മി. സ്പീക്കർ</u> : അങ്ങ് ഈ സിനിമ കണ്ടിട്ടുണ്ടോ?

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>: ശ്രീ. ഉമ്മൻചാണ്ടി നിങ്ങൾ ഈ സഭയ്ക്കും നാടിനും തീർത്താൽ തീരാത്ത കളങ്കം വരുത്തി വച്ചിരിക്കുകയാ ണ്. ഒരു കറക്ക് കമ്പനിക്കാരന്റെ അവസ്ഥയിലേയ്ക്ക് താണുപോയല്ലോ നിങ്ങൾ. ഇങ്ങനെ ജനങ്ങളെ കൊള്ളയടിക്കുകയും തടിതപ്പുകയും ചെയ്യുന്ന ഒരു കൂട്ടുപ്രതിയായി നിങ്ങൾ അധ:പതിച്ചിരിക്കുകയല്ലേ. അതിൽനിന്ന് രക്ഷ പ്പെടാൻ നിങ്ങൾ ആവർത്തിച്ച് നുണകൾ ആവർത്തിക്കുന്നു. ഈ തട്ടിപ്പി ന്റെയും വെട്ടിപ്പിന്റെയും നുണകളുടെയും പാപഭാരത്തിൽനിന്ന് നിങ്ങൾക്ക് എങ്ങനെ രക്ഷപ്പെടാൻ കഴിയും. അറേബ്യയിലെ മുഴുവൻ സുഗന്ധലേപന ങ്ങളും പുരട്ടിയാലും മിസ്റ്റർ ഉമ്മൻചാണ്ടി നിങ്ങളുടെ കൈകളിലെ തീരാക ളങ്കം കഴുകി കളയാൻ പറ്റുമോ. അതുകൊണ്ട് മിസ്റ്റർ ഉമ്മൻചാണ്ടി ഞാൻ

ശക്തിയായി ആവശ്യപ്പെടുകയാണ്, നിങ്ങൾ രാജി വച്ചു പുറത്തു പോകൂ. എന്നിട്ട് ഒരു ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കാൻ നിങ്ങൾ തയ്യാറുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. പോലീസിനെ ഉപയോഗിച്ച് ചെറുപ്പക്കാരെയും സ്ത്രീകളെയും പെൺകുട്ടികളെയും എ.ഐ.വൈ.എഫ്. ന്റെയും ഡി. വൈ.എഫ്.ഐ.യുടെയും പ്രവർത്തകരെ അടിച്ചൊതുക്കി, ഈ കുപ്രസിദ്ധമായ അഴിമതി ഭരണം കോടികൾ വെട്ടി തിന്നത് മറച്ചു വച്ചു രക്ഷപ്പെടാൻ കഴിയുമെന്നു നിങ്ങൾ കരുതരുത്. അത് ഈ നാട്ടിലെ ജനങ്ങൾ സമ്മതിക്കാൻ പോകുന്നില്ല എന്നു പറഞ്ഞുകൊണ്ട് രാജി വയ്ക്കു പുറത്തു പോകൂ. അങ്ങനെ ഇതിനുമുമ്പ് സംസ്ഥാനത്തെ അഴിമതിക്ക് വിധേയരായിട്ടുള്ള ആളുകൾ ചെയ്തതുപോലെ മുഖ്യമന്ത്രി രാജിവച്ച് ഒരു അന്വേഷണത്തെ നേരിടാൻ സന്നദ്ധനാവുക, ഒരു ജുഡീഷ്യൽ അന്വേഷണത്തെ നേരിടുവാൻ തയ്യാറാവുകയാണ് വേണ്ടതെന്ന് ഞാൻ വീണ്ടും ആവർത്തിച്ചു പറയുകയാണ്. .... (ബഹളം).........

(പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനേതാവിന്റെ ഇരിപ്പിടത്തിനുസമീപം വന്ന് മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: സുനിൽകുമാറിന് ഇങ്ങനെയൊന്നും സംസാരിക്കാൻ പറ്റില്ല. ദയവുചെയ്ത് സീറ്റുകളിലേയ്ക്ക് പോകണം. എനിക്ക് അടുത്ത ബിസിനസ്സിലേയ്ക്ക് കടക്കണം. പ്ലീസ്.... ദയവുചെയ്ത് അവരവരുടെ സീറ്റുകളിലേയ്ക്ക് പോകണം. നിയമസഭയുടെ അടുത്ത ബിസിനസ്സിലേയ്ക്ക് ചെയറിന് കടക്കണം. .....(ബഹളം) .......

ശ്രദ്ധക്ഷണിക്കൽ

(1) ഗൾഫ് നാടുകളിൽ ജോലി ചെയ്തു വരുന്നവർക്ക് ദീർഘകാല ചികിൽസ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗൾഫ് നാടുകളിൽ കഠിനാദ്ധ്വാനം ചെയ്ത നമ്മുടെ സഹോദരന്മാർ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ്. കേരളത്തിന്റെ കുതിപ്പിലും വളർച്ചയിലും ഗൾഫിൽ വിയർപ്പ് ഒഴുക്കുന്ന മലയാളികൾ നൽകിക്കൊണ്ടിരിക്കുന്ന അമൂല്യ സംഭാവനകൾ നമുക്ക് ഒരിക്കലും കണ്ടില്ലെന്ന് നടിക്കാൻ കഴിയുകയില്ല.

മി. സ്പീക്കർ: പ്രവാസികളുടെ കാര്യമാണ് പറയുന്നത്. ദയവുചെയ്ത് ഒന്നു കേൾക്കൂ ....(ബഹളം)..........

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: അവർക്ക് ഒരു പ്രശ്നം വരുമ്പോൾ അത് ചെറുതാകട്ടെ, വലുതാകട്ടെ നമുക്ക് അവർക്കുവേണ്ടി എന്ത് ചെയ്യാൻ കഴിയു മെന്ന് നാം ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. ഗൾഫ് നാടുകളിൽ അധിവസിക്കുന്ന നമ്മുടെ സഹോദരന്മാർക്ക് ഒരു രോഗം വന്നാൽ ഗൾഫ് നാടുകളിൽ ചികിൽസിക്കാൻ വളരെയധികം സാമ്പത്തിക ചെലവ് വരുന്നതിനാൽ ഈ സഹോദരന്മാർക്ക് എന്തെങ്കിലും സഹായം ചെയ്യാൻ സംവിധാനം ഉണ്ടാക്കാൻ കഴിയുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി.ജോസഫ്): സർ, ഗൾഫിലെ പാവപ്പെട്ട മലയാളി കളുടെ കാര്യം പറയാൻപോലും ഈ സഭയിൽ നിർവ്വാഹമില്ല. ....(ബഹളം) ...... കേരളത്തിന്റെ സമ്പദ് ഘടനയുടെ അടിത്തറ ഗൾഫിലെ മലയാളികളാ ണ്. അവരെപ്പറ്റി പറയാൻ അവരുടെ കാര്യം ഉന്നയിക്കുന്നത് ചർച്ച ചെയ്യാൻ

തയ്യാറാകാതെ ഈ സഭയിൽ കാണിക്കുന്ന ഈ ബഹളം നിർഭാഗ്യകരമാണ്. ഗൾഫിലെ മലയാളിയെ ബഹുമാനിച്ചില്ലെങ്കിലും അപമാനിക്കരുത്.

മി. സ്പീക്കർ: വിശദമായ മറുപടി അംഗത്തിന് കൊടുത്താൽ മതി.

ശ്രീ. കെ. സി. ജോസഫ്: ഞാൻ മേശപ്പുറത്ത് വയ്ക്കാം. .......(ബഹളം) ...... മി. സ്പീക്കർ: സഭ അല്പ നേരത്തേയ്ക്ക് നിറുത്തി വയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 10.57-ന് നിർത്തിവച്ച സഭ രാവിലെ 11.55-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചുവെങ്കിലും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹളംവച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)